2023
MARCH
05
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621




## കുറഞ്ഞ നിരക്കിൽ എസി ജനതാബസുമായി കെഎസ്ആർടിസി

**തിരുവനന്തപുരം:** കുറഞ്ഞ ടിക്കറ്റ് നിരക്കിൽ എല്ലാവർക്കും എസിയിൽ യാത്രചെയ്യാൻ ജനതാ ബസുമായി കെഎസ്ആർടിസി. ഫാസ്റ്റ് പാസഞ്ചറിനും സൂപ്പർ ഫാസ്റ്റിനും ഇടയിലുള്ള ടിക്കറ്റ് നിരക്കിൽ തൊട്ടടുത്തുള്ള രണ്ട് ജില്ലാ ആസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിച്ചാണ് ഈ സർവീസുകൾ. അടുത്തയാഴ്ച ആരംഭിക്കും. 175 ലോ ഫ്ലോർ എസി ബസുകളാണ് ഇതിനായി മാറ്റുന്നത്.

നിലവിൽ ബൈപാസ് റൈഡറുകളായി ഓടുന്ന ബസുകളാണ് പരീക്ഷണാർഥം ജനതാ സർവീസിനുവേണ്ടി ഓടുന്നത്. ഇതിന്റെ നിറം മാറ്റിയടിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ ബസുകളുടെ സീറ്റ് പുഷ്ബാക്ക് ആക്കി മാറ്റി ദീർഘദൂര സർവീസുകൾക്ക് ഉപയോഗിക്കാമെന്ന് തീരുമാനിച്ചെങ്കിലും മാറ്റാനായില്ല. ഇലക്ട്രിക് ബസുകളെ പ്രോൽസാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ നിന്ന് 450 ഇലക്ട്രിക് ബസുകൾ ലഭിക്കും. കിലോമീറ്ററിന് 39.5 രൂപ വാടകയ്ക്കാണ് കേന്ദ്ര പദ്ധതിയിൽ ബസ് കേരളത്തിന് ലഭിക്കുന്നത്. സ്മാർട്സിറ്റി പദ്ധതിയിൽപ്പെടുത്തി 120 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിലേക്ക് ലഭിക്കും.

# മൂന്നാം ദിവസവും വിപണിയിൽ നേട്ടം

സെൻസെക്സ്
59,106.44

നിഫ്റ്റി
17,398

**മുംബൈ:** ഒപെക് പ്ലസ് രാജ്യങ്ങൾ എണ്ണ ഉൽപാദനം കുറയ്ക്കാൻ തീരുമാനിച്ചതോടെ നാണ്യപ്പെരുപ്പ ഭീതി ഉയർന്നത് ഇന്നലെ ഇന്ത്യൻ ഓഹരി വിപണിയെ കാര്യമായി ബാധിച്ചില്ല. തുടർച്ചയായ നാലാം വ്യാപാര ദിനത്തിലും വിപണി നേട്ടത്തിലാണ് ക്ലോസ് ചെയ്തത്. ഓട്ടോ, ബാങ്കിങ് ഓഹരികൾ മികച്ച പ്രകടനം കാഴ്ചവച്ചു. സെൻസെക്സ് 114.92 പോയിന്റ് ഉയർന്ന് 59,106.44ൽ എത്തി. വ്യാപാരത്തിനിടെ 59,204.82 വരെ ഉയർന്നു. നിഫ്റ്റി 38.30 പോയിന്റ് ഉയർന്ന് 17,398ലും വ്യാപാരം അവസാനിപ്പിച്ചു. ഐടി, എഫ്എംസിജി, മെറ്റൽ ഓഹരികളിൽ വിൽപന സമ്മർദം ശക്തമായിരുന്നു.കഴിഞ്ഞ മൂന്നു വ്യാപാര ദിനങ്ങളിലായി സെൻസെക്സിൽ 1492 പോയിന്റിന്റെ വർധനയുണ്ടായി. നിഫ്റ്റി 446 പോയിന്റും ഉയർന്നു.



ഇന്നലെ സെൻസെക്സിൽ മാരുതി സുസുക്കിയാണ് മികച്ച നേട്ടമുണ്ടാക്കിയത്; 2.52%. കഴിഞ്ഞ സാമ്പത്തിക വർഷം റെക്കോർഡ് വിൽപന സ്വന്തമാക്കിയതാണ് കമ്പനിയുടെ ഓഹരിക്ക് ഗുണമായത്. ബജാജ് ഫിനാൻസ്, ഭാരതി എയർടെൽ, എൻടിപിസി, ബജാജ് ഫിൻസെർവ്, എച്ച്സിഎൽ ടെക് എന്നിവയാണ് കൂടുതൽ നേട്ടമുണ്ടാക്കിയ മറ്റ് ഓഹരികൾ. വിദേശ ധനസ്ഥാപനങ്ങൾ തിങ്കളാഴ്ച മാത്രം 321.93 കോടി രൂപയുടെ ഓഹരികളാണ് ഇന്ത്യൻ വിപണിയിൽനിന്നു വാങ്ങിയത്.ഒപെക് പ്ലസ് തീരുമാനം വന്നതോടെ ക്രൂഡ് വിലയിൽ 5 ശതമാനത്തിന്റെ വർധനയുണ്ടായി. ബാരലിന് ഒരു മാസത്തിനിടയിലെ ഉയർന്ന വിലയായ 84.19 ഡോളറിലേക്ക് എത്തുകയും ചെയ്തു. ഡോളറുമായുള്ള വിനിമയത്തിൽ 9 പൈസ നഷ്ടത്തോടെ രൂപ 82.30 നിലവാരത്തിലെത്തി.



## ഡയൽ അപ് ഇന്റർനെറ്റ് ചട്ടങ്ങൾ പിൻവലിക്കുന്നു

**ന്യൂഡൽഹി:** രാജ്യത്തെ അവസാന ഡയൽ അപ് ഇന്റർനെറ്റ് കണക!ഷനും 2021 മാർച്ചിൽ പ്രവർത്തനം അവസാനിപ്പിച്ചതായി ടെലികോം റെഗുലേറ്ററി അതോറിറ്റി (ട്രായ്). ഇതേത്തുടർന്ന് ഡയലപ് ഇന്റർനെറ്റുമായി ബന്ധപ്പെട്ട് 2001ൽ പുറത്തിറക്കിയ ചട്ടങ്ങൾ പിൻവലിക്കാൻ ട്രായ് ഒരുങ്ങുന്നു. ഇതുസംബന്ധിച്ച കരടുരേഖയിന്മേൽ ട്രായ് പൊതുജനാഭിപ്രായം തേടി.

ഒരുകാലത്ത് സാധാരണക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കാനുള്ള ഏക മാർഗമായിരുന്നു ഡയൽ അപ് ഇന്റർനെറ്റ്. ലാൻഡ്ഫോണിന്റെ അതേ ലൈൻ തന്നെ ഉപയോഗിച്ചായിരുന്നു കണക!ഷൻ. ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ഫോൺ ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല. പരമാവധി വേഗം സെക്കൻഡിൽ 56 കിലോബൈറ്റ് (കെബി) മാത്രം.കുറേക്കാലമായി ബിഎസ്എൻഎൽ മാത്രമാണ് ഡയൽ അപ്പ് കണക!ഷനുകളുടെ കണക്ക് നൽകിയിരുന്നത്. മാർച്ച് 2021ൽ ഇതവസാനിച്ചു. ഒരു ഡയലപ് ഉപയോക്താവ് പോലും ബാക്കിയില്ലെന്ന് ഏപ്രിലിൽ ബിഎസ്എൽഎൽ ട്രായിക്ക് കത്തുനൽകുകയും ചെയ്തു

## നിരീക്ഷണ ഉപകരണങ്ങൾക്ക് സുരക്ഷാ മാനദണ്ഡം വരും

**ന്യൂഡൽഹി:** സ്മാർട് സിസിടിവി ക്യാമറ, വാഹന ട്രാക്കിങ് ഉപകരണം, വൈദ്യുത സ്മാർട് മീറ്റർ തുടങ്ങിയവയ്ക്ക് കേന്ദ്രം സുരക്ഷാ മാനദണ്ഡങ്ങൾ കൊണ്ടുവരുന്നു. ഇവയുടെ ദുരുപയോഗം തടയാനാണ് കേന്ദ്ര ടെലികോം വകുപ്പിന്റെ നടപടി. ടെലികോം വകുപ്പിനു കീഴിലുള്ള നാഷനൽ സെന്റർ ഫോർ കമ്യൂണിക്കേഷൻ സെക്യൂരിറ്റിക്കാണ് മാർഗരേഖ (ഇന്ത്യൻ ടെലികോം സെക്യൂരിറ്റി അഷ്വറൻസ് റിക്വയർമെന്റ്സ്) തയാറാക്കുന്നതിനുള്ള ചുമതല.

വിഡിയോ പകർത്തുന്നതിനു പുറമേ വിഡിയോയിൽ വ്യക്തികളുടെ അനക്കം അടക്കമുള്ള സൂക്ഷ്മാംശങ്ങൾ വിലയിരുത്താൻ കഴിയുന്നവയാണ് സ്മാർട് ക്യാമറകൾ. വീടുകളിലും ഓഫിസുകളിലും വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയ ഉൽപന്നങ്ങൾ മിക്കതും ചൈനയിൽ നിന്നാണ് വിപണിയിലെത്തുന്നത്. ഇവയുടെ വിവരസുരക്ഷയിലടക്കം ആശങ്കയുണ്ടെന്നതിനാലാണ് നീക്കം.വെഹിക്കിൾ ട്രാക്കിങ് ഡിവൈസുകൾ വാഹനങ്ങളുടെ ലൊക്കേഷനു പുറമേ ഇന്ധനത്തിന്റെ തോത്, വാഹനത്തിന്റെ വേഗം അടക്കം സെർവറുകളിലേക്ക് അയയ്ക്കുന്നുണ്ട്.

## ഉൽപ്പാദനരംഗത്ത് മുന്നേറ്റം

**ന്യൂഡൽഹി:** മാർച്ചിൽ രാജ്യത്തെ ഉൽപ്പാദനരംഗത്ത് മികച്ച മുന്നേറ്റം. വ്യാപകമായി പുതിയ ഓർഡറുകളും ലഭിച്ചതാണ് നേട്ടമായത്. ഇതോടെ ഉൽപ്പാദനം മൂന്നു മാസത്തെ ഉയർന്ന നിലവാരത്തിലെത്തി. എസ്ആൻഡ്പി ഗ്ലോബൽ മാനുഫാക്ചറിങ് പർച്ചേസിങ് മാനേജേഴ്സ് സൂചിക(പിഎംഐ) 56.4 ആയി ഉയർന്നു. ഫെബ്രുവരിയിൽ 55.3 ആയിരുന്നു. സൂചിക 50ന് മുകളിൽ എത്തുന്നത് വളർച്ചയുടെ ലക്ഷണമാണ്.

തുടർച്ചയായ 21ാം മാസവും ഉൽപ്പാദനരംഗത്തെ സാഹചര്യങ്ങൾ മെച്ചപ്പെട്ടുവരികയാണെന്ന് പിഎംഐ ഡേറ്റ പറയുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ പുരോഗതിയുണ്ടായതും ഉൽപാദനച്ചെലവിൽ നേരിയ കുറവുണ്ടായതും ഗുണമായി. 96 ശതമാനം കമ്പനികൾക്കും ഫെബ്രുവരി മുതൽ ഉൽപ്പാദനച്ചെലവിൽ കൂടുതൽ ബാധ്യത ഉണ്ടായിട്ടില്ല.





# സംഭരിച്ച നെല്ലിന്റെ തുക കൊടുത്തുതീർക്കും: മന്ത്രി

**കോട്ടയം:** വായ്പയെടുക്കേണ്ടി വന്നാലും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ തുക പൂർണമായും കൊടുത്തു തീർക്കുമെന്നും ഈ വിഷയത്തിൽ കർഷകർ ആശങ്കപ്പെടേണ്ടതില്ലെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. അനിൽ. ഉദയനാപുരം നാനാടത്തു സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ആദ്യ കേരള സ്റ്റോർ മേയിൽ മുഖ്യമന്ത്രി തൃശ്ശൂരിൽ ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ നാട്ടിൻ പുറങ്ങളിലെ 100 റേഷൻ കടകളാണ് കേരള സ്റ്റോർ ആക്കി മാറ്റുന്നത്. മിനി എ.ടി.എം, ഛോട്ടു ഗ്യാസ് സിലണ്ടറുകൾ എടുക്കാനുള്ള സൗകര്യം, സപ്ലൈകോ, മിൽമ ഉൽപന്നങ്ങൾ വാങ്ങാനും, ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം എന്നിവയൊരുക്കി റേഷൻ കടകളെ ആധുനിക തലത്തിലേക്ക് ഉയർത്തും.

ആന്ധ്രപ്രദേശിൽ നിന്ന് ജയ അരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി കേരളത്തിൽ എത്തിച്ച് റേഷൻകടവഴി വിതരണം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുകയാണ്.

മേയിൽ റേഷൻ കടയിലൂടെ റാഗിപ്പൊടി വിതരണം ചെയ്യും. ഇതിന്റെ തുടർച്ചയായി പയറുവർഗങ്ങളും വിതരണം ചെയ്യും. റേഷൻ കടകളിൽനിന്നുള്ള ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ റേഷൻ കടകൾ കേന്ദ്രീകരിച്ച് വിജിലൻസ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉത്പന്നങ്ങളുടെ തൂക്കം, ഗുണമേന്മ എന്നിവ ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

അനധികൃതമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്നതും ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാമെന്നും മന്ത്രി കൂട്ടിചേർത്തു. ഈ സർക്കാരിന്റെ കാലത്ത് 21 മാവേലി സ്റ്റോറുകൾ ആരംഭിച്ചതായും 1600 വിൽപനശാലകളിലൂടെ സാധാരണക്കാരന് വിലക്കയറ്റത്തിന്റെ ഭീതി ഒഴിവാക്കാനായെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ സി. കെ ആശ എം.എൽ.എ അധ്യക്ഷത വഹിച്ചു. ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. കെ ആനന്ദവല്ലി ആദ്യ വിൽപന നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. കെ. രഞ്ജിത്ത്, ജില്ലാ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ പി. എസ്. പുഷ്പമണി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ടി.പി. രാജലക്ഷ്മി, പി.ഡി. ജോർജ്, ജില്ലാ സപ്ലൈ ഓഫീസർ ജയപ്രകാശ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ വി.ബി ബിനു, വി. മോഹനൻകുമാർ, സാബു പി. മണലോടി, വർഗീസ് നീന്തുകടവ്, ശശിധരൻ ബി പുത്തൻപുരയിൽ, കെ കെ രാജു, എം. അബു, എം. കെ. രവീന്ദ്രൻ എന്നിവർ പങ്കെടുത്തു. സപ്ലൈകോ കോട്ടയം റീജണൽ മാനേജർ എം. സുൾഫിക്കർ സ്വാഗതവും ഡിപ്പോ. മാനേജർ ഇൻ ചാർജ് ഷീജ നന്ദിയും പറഞ്ഞു

# കുമരകം ലോകത്തോളം വലുതായി, കുമരകംകാരും ...

**കോട്ടയം:** ജി 20 ഷെർപ്പ മീറ്റിംഗിൻറെ സമാപനത്തോടെ ടൂറിസം രംഗത്ത് കുമരകം ആഗോള ബ്രാൻഡായി മാറും. ജി 20 രാജ്യങ്ങളുടെ പ്രതിനിധികൾ നാലു നാൾ കുമരകത്തു താമസിച്ചു നടത്തിയ ചർച്ചകളിൽ ഒതുങ്ങുന്നതല്ല മറിച്ച് കുമരകത്തിൻറെ ടൂറിസം വികസനത്തിൻറെ വാതിൽ തുറന്നിടുക കൂടിയായിരുന്നു സമ്മേളനം. കായൽ കാറ്റും ഹൗസ് ബോട്ട് യാത്രയും കരിമീൻ രുചിയും തൂശനിലയിലെ ഓണസദ്യയും ഓണക്കളികളും ഊഞ്ഞാലാട്ടവും തൃശൂർ പൂരവുമൊക്കെയായി കേരളവും കേരളത്തിൻറെ ഗ്രാമീണ സൗന്ദര്യവും ലോകത്തെ അറിയിക്കാനുള്ള അവസരമായിരുന്നു കുമരകത്ത്.



ഇപ്പോഴും ചെറു ഗ്രാമമായ കുമരകത്തിൻറെ സൗകര്യങ്ങളും സൗന്ദര്യവും വിദേശ പ്രതിനിധികളുടെ മനസിൽ ഇടംപിടിച്ചുവെന്ന് ഉറപ്പ്. ചെറിയൊരു സ്ഥലത്ത് ഇത്രത്തോളം റിസോർട്ടുകളും ഗുണമേന്മയുള്ള താമസ സ്ഥലങ്ങളും ഭക്ഷണവുമൊന്നും രാജ്യത്തു മറ്റൊരിടത്തും ഇല്ലെന്നു കുമരകത്തിനു കാട്ടിക്കൊടുക്കാനായി. ലോക രാജ്യങ്ങളിലെ വിവിഐപികൾ ഇതൊക്കെ നേരിട്ട് കണ്ടാസ്വദിച്ചതിനാൽ അവരൊക്കെ അവരുടെ രാജ്യങ്ങളിലെത്തി കുമരകത്തിൻറെ പ്രചാരകരാകുമെന്ന് ഉറപ്പാണ്.

മുൻ ടൂറിസം സെക്രട്ടറി അമിതാഭ് കാന്ത് ഇന്ത്യയുടെ ഷെർപ്പയായതും ഗുണകരമാവും. ലോക രാജ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളായ ഷെർപ്പകളാണു സമ്മേളനത്തിനെത്തിയത്. ഈ മുഴുവൻ രാജ്യങ്ങളിലെയും പത്രങ്ങളിലും ചാനലുകളിലും സമ്മേളനം റിപ്പോർട്ട് ചെയ്തു. അതിൽ ആദ്യം വരുന്നത് ഇതെവിടെ നടന്നു എന്ന ചോദ്യമാണ്. ഇത് കുമരകത്തെ ടൂറിസത്തിൻറെ സാധ്യതകളെ ഉണർത്തും.

ഉത്തരവാദിത്വ ടൂറിസത്തിൻറെ സാധ്യതകളാണ് ജി20 ഷെർപ്പ സമ്മേളനത്തിൻറെ ബാക്കി പത്രം. കയർ പിരിച്ചും മൺപാത്രമുണ്ടാക്കിയും ഷെർപ്പകൾ ഒപ്പം ചേർന്നത് ഉത്തരവാദിത്ത ടൂറിസത്തിന് ഗുണകരം. എട്ടു ലക്ഷത്തോളം രൂപയുടെ വരുമാനമാണ് ഉത്തരവാദിത്വ ടൂറിസം വഴി പ്രദേശവാസികൾക്ക് ലഭിച്ചത്. മൂന്നു വർഷത്തിനുള്ളിൽ 10 ലക്ഷം വനിതാ ടൂറിസ്റ്റുകളെ കുമരകത്ത് എത്തിക്കാനാകുമെന്ന് ഉത്തരവാദിത്വ ടൂറിസം സംസ്ഥാന കോഓർഡിനേറ്റർ കെ. രൂപേഷ്കുമാർ പറഞ്ഞു.

ഈ വർഷം ലോകം കുമരകത്തേക്ക് ഒഴുകും. ഇതിനോടകം അൻപതിലേറെ രാജ്യങ്ങളിൽ നിന്നുള്ളവർ ഈ വർഷം ഈ കൊച്ചു ഗ്രാമത്തിൽ എത്തിക്കഴിഞ്ഞു. ആഗോള ഉത്തരവാദിത്വ ടൂറിസം ഉച്ചകോടി, ജി20 ഉച്ചകോടിയോട് അനുബന്ധിച്ചുള്ള പ്രതിനിധി സമ്മേളനം, ഡെവലപ്മെൻറൽ മീറ്റിംഗ് തുടങ്ങിയ രാജ്യാന്തര സമ്മേളനങ്ങൾക്ക് ഈ കായലോരം വേദിയൊരുക്കി.

1.88 കോടി ആഭ്യന്തര സഞ്ചാരികൾ കഴിഞ്ഞവർഷം കുമരകം സന്ദർശിച്ചു. എന്നാൽ രാജ്യാന്തര യാത്രക്കാരിൽ ഏറ്റവും റിക്കാർഡ് 2019ലായിരുന്നു. 11 ലക്ഷം വിദേശ സഞ്ചാരികൾ ആ വർഷം കുമരകത്ത് എത്തിയിരുന്നു.

കാര്യമായ ഗതാഗത സൗകര്യമില്ലെങ്കിലും അന്തർദേശീയ സമ്മേളനങ്ങൾ വിജയകരമായി നടത്താമെന്ന് തെളിഞ്ഞതോടെ ഭാവിയിൽ ദേശീയ അന്തർദേശീയ സംഗമങ്ങൾക്കു കുമരകം വേദിയാവും. ജി 20ക്കു വേണ്ടി നിർമിച്ച കൺവൻഷൻ സെൻറർ ഒട്ടേറെ സമ്മേളനങ്ങൾക്ക് ഉപയോഗിക്കാം. ടൂറിസം വകുപ്പ് മുൻകൈയെടുത്ത് ഡെസ്റ്റിനേഷൻ വെഡിംഗിന് ശ്രദ്ധകൊടുക്കുമ്പോൾ അതിനു പറ്റിയ മണ്ണുകൂടിയാണ് കുമരകം. കുമരകം ബ്രാൻഡിലായിരിക്കും ഇനി കേരള ടൂറിസം അറിയപ്പെടുകയെന്നതിൽ സംശയമില്ല.

ഷെർപ്പാസമ്മേളനത്തിന് റിക്കാർഡ് സമയത്തിൽ മനോഹരമായ കൺവൻഷൻ സെൻറർ നിർമിച്ചതും പശ്ചാത്തലസൗകര്യവും ഒരുക്കി വേദി മനോഹരമാക്കിയതും ഉറങ്ങാതെ രാപ്പകൽ പണിയെടുത്ത ഒരുകൂട്ടം തൊഴിലാളികളും എൻജിനിയർമാരുമായിരുന്നു. നൂറു ദിവസകൊണ്ടാണ് കൂറ്റൻ മന്ദിരം റെഡിയാക്കിയത്. ഊരാളുങ്കൽ സൊസൈറ്റിയാണ് കരാറെടുത്തത്. ജി20 ഷെർപ്പ മീറ്റ് അവസാനിക്കുമ്പോൾ രാജ്യാന്തര തലത്തിൽ തന്നെ അഭിനന്ദനമേറ്റുവാങ്ങുകയാണ് ജില്ലാ പോലീസ്. കുമരകത്ത് രാജ്യാന്തര നിലവാരത്തിലേക്ക് ഉയർന്ന സുരക്ഷാ ക്രമീകരണങ്ങളാണ് ജില്ലാ പോലീസ് ഒരുക്കിയിരുന്നത്.

പോലീസിൻറെ തനത് യൂണിഫോമിൽനിന്നു മാറി സഫാരി സ്യൂട്ട് അണിഞ്ഞാണ് പോലീസ് ഉദ്യോഗസ്ഥരെ വിവിഐപി ഡ്യൂട്ടിക്കായി റിസോർട്ടുകളിൽ നിയോഗിച്ചിരുന്നത്.

കൂടാതെ സമയോചിതമായ പെരുമാറ്റരീതികളും വിവിഐപി ഡ്യൂട്ടിയെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തി. ജി20 യിലെ ചൈനയുടെ പ്രതിനിധികൾ പോലീസിൻറെ എല്ലാ സഹകരണത്തിനും നന്ദി പറയുകയും പോലീസ് ഉദ്യോഗസ്ഥരുടെ സമർപ്പണത്തിൻ അഭിനന്ദിക്കുകയും ചെയ്തു.



## മസ്റ്ററിങ് നടത്തണം

**കണ്ണൂർ:** കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾ ജൂൺ 30നകം അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിങ് നടത്തണം. ഫോൺ: 0497 2706133.

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡിലെ 2022 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾ ജൂൺ 30 നകം അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിങ് നടത്തണമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ അറിയിച്ചു.

2024 മുതൽ എല്ലാ വർഷവും ജനുവരി ഒന്നു മുതൽ ഫെബ്രുവരി 28/29 നകം തൊട്ടു മുൻപുള്ള വർഷം ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പു രോഗികൾ, വൃദ്ധജനങ്ങൾ എന്നിങ്ങനെ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർ പ്രസ്തുത വിവരം അക്ഷയ കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതും അതിനനുസരിച്ച് അക്ഷയ കേന്ദ്രം പ്രതിനിധി ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിങ് നടത്തുന്നതാണ്

പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി ബോർഡ് അംഗങ്ങൾ ബയോമെട്രിക് മസ്റ്ററിങ് പരാജയപ്പെടുന്നവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ക്ഷേമനിധി ബാർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിങ് പൂർത്തിയാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിങ് പൂർത്തിയാക്കിയവർക്കു മാത്രമേ മസ്റ്ററിങ്ങിനുള്ള നിശ്ചിത കാലാവധിക്കു ശേഷം പെൻഷൻ വിതരണം നടത്തുകയുള്ളൂ.

നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിങ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും ഒന്നു മുതൽ 20 വരെ മസ്റ്ററിങ് നടത്താവുന്നതാണ്. എന്നാൽ അവർക്ക് മസ്റ്ററിങ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമേ ലഭിക്കുകയുള്ളൂ. മസ്റ്ററിങ് ചെയ്യാത്ത കാലയളവിലെ പെൻഷന് അർഹതയുണ്ടായിരിക്കില്ല.

## കുടുംബശ്രീ രജതജൂബിലി; തീം സോങ് മത്സരം സംഘടിപ്പിക്കുന്നു

**കണ്ണൂർ:** കുടുംബശ്രീ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് മുദ്രഗീതം തീം സോങ് ഒരുക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളിൽ നിന്ന് രചനകൾ ക്ഷണിച്ചു. കുടുംബശ്രീയുടെ സമഗ്ര സംഭാവനകളുടെ സംക്ഷിപ്തമാണ് ഗാനത്തിൽ ഉൾക്കൊള്ളിക്കേണ്ടത്. ലിംഗാധിഷ്ഠിതമല്ലാത്ത പ്രമേയമായിരിക്കണം. പതിനാറ് വരിയിൽ കൂടരുത്. രചനകൾ മലയാളത്തിലായിരിക്കണം. തെരഞ്ഞെടുക്കുന്ന രചന സംഗീതം നൽകി കുടുംബശ്രീയുടെ തീം സോങ്ങായി ഉപയോഗിക്കും. മികച്ച രചനക്ക് പതിനായിരം രൂപയും ഫലകവും സമ്മാനം ലഭിക്കും. വിദഗ്ധർ ഉൾപ്പെടുന്ന ജൂറിയാണ് മികച്ച രചന തെരഞ്ഞെടുക്കുക. മെയ് 17 ന് നടക്കുന്ന കുടുംബശ്രീ വാർഷിക ദിനാഘോഷ പരിപാടിയിൽ സമ്മാനം വിതരണം ചെയ്യും. രചനകൾ ഏപ്രിൽ 15നകം എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ, ട്രിഡ ബിൽഡിങ്ങ്. മെഡിക്കൽ കോളേജ് പി ഒ, തിരുവനന്തപുരം695 011 എന്ന വിലാസത്തിൽ അയക്കണം.

# വടക്കൻ കേരളത്തിന്റെ പൈതൃക സംരക്ഷണവുമായി തലശ്ശേരി ഹെറിറ്റേജ് പദ്ധതി



**തലശ്ശേരി:** വടക്കൻ കേരളത്തിന്റെ പൈതൃകങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച തലശ്ശേരി ഹെറിറ്റേജ് പദ്ധതി വിജയത്തിലേക്ക്. പദ്ധതിയുടെ ഭാഗമായി 2.21 കോടി രൂപ ചെലവിൽ നിർമിച്ച ഗുണ്ടർട്ട് മ്യൂസിയം വടക്കൻ കേരളത്തിലെ ടൂറിസം വികസനത്തോടൊപ്പം ഒരു നാടിന്റെ ചരിത്രവും പുതുതലമുറയ്ക്ക് പകർന്നു കൊടുക്കുന്നു.തലശ്ശേരി ഇല്ലിക്കുന്നിലാണ് മലയാള ഭാഷയെയും സംസ്കാരത്തെയും സമ്പന്നമാക്കിയ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ജീവിത കഥ പറയുന്ന ഗുണ്ടർട്ട് മ്യൂസിയം പ്രവർത്തിക്കുന്നത്

4.84 കോടി രൂപ ചെലവിൽ പൂർത്തിയാക്കിയ താഴെയങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് പദ്ധതി സഞ്ചാരികളെ ഏറെ ആകർഷിക്കുന്നു. സുഗന്ധ വ്യഞ്ജനങ്ങളുടെ കച്ചവടകേന്ദ്രമായിരുന്ന താഴെയങ്ങാടി ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള നഗരമായിരുന്നു. താഴെയങ്ങാടിയിൽ തെരുവോരത്ത് നടപ്പാത,വേസ്റ്റ്ബിൻ, തെരുവുവിളക്കുകൾ, സിസിടിവി, ഡ്രെയിനേജ് എന്നിവ ഒരുക്കി. 1.84 കോടി രൂപ ചെലവിൽ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് നവീകരണം പൂർത്തിയാക്കി. നടപ്പാത, ചുറ്റുമതിൽ, മുറ്റം, പൂന്തോട്ടം, വൈദ്യുതീകരണം, ദീപ വിതാനം, ഡ്രെയിനേജ് എന്നിവയാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. തലശ്ശേരി കോട്ട നിർമ്മിച്ച എഡ്വേർഡ് ബ്രണ്ണന്റെ ഭൗതിക ശരീരം അടക്കം ചെയ്തിരിക്കുന്ന സെമിത്തേരി ഇവിടെയാണുള്ളത്.

തലശ്ശേരി ഹെറിട്ടേജ് പദ്ധതിയിൽ ഉൾപ്പെട്ട മലബാറിലെ തീർത്ഥാടന ടൂറിസം പദ്ധതിയും അവസാനഘട്ടത്തിലേക്ക് കടക്കുകയാണ്.ടിപ്പുവിന്റെയും പഴശ്ശിയുടെയും പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച ഭൂപ്രദേശം കൂടിയാണ് മലബാർ. ഈ കാലഘട്ടത്തിന്റെ ചരിത്രശേഷിപ്പുകളും ആരാധനാ കേന്ദ്രങ്ങളും കൊണ്ട് സമ്പന്നമാണിവിടം.3 കോടി രൂപ മുടക്കിയാണ് പഴശ്ശിയുടെ കുടുംബക്ഷേത്രമായ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിന്റെ ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനായുള്ള മ്യൂസിയം നിർമ്മാണം നടത്തിയത്.ഈ ക്ഷേത്രത്തിൽ വച്ച് മൃഗബലി നടത്തിയിട്ടാണ് പഴശ്ശി യുദ്ധത്തിനു പോയിരുന്നത്.

കണ്ണവത്ത് നിന്നും രണ്ട് കിലോമീറ്റർ അകലെയുള്ള തൊടീക്കളം ശിവക്ഷേത്രം 2000 വർഷത്തിലേറെ പഴക്കമുള്ള ശിവവൈഷ്ണവ ചുമർ ചിത്രങ്ങൾകൊണ്ട് പ്രസിദ്ധമാണ്. പഴശ്ശിയുടെ പടയോട്ട കാലത്തെ പ്രധാന ഒളിത്താവളങ്ങളിലൊന്നായിരുന്നു തൊടീക്കളം ക്ഷേത്രം. ഈ ചുമർ ചിത്രങ്ങളെ സംരക്ഷിച്ചുകൊണ്ട് 2.57 കോടിരൂപ ചെലവിൽ ചരിത്ര മ്യൂസിയം സ്ഥാപിച്ചു.1.93 കോടി രൂപയുടെ മക്രേരി ക്ഷേത്രത്തിന്റെയും നവീകരണവും പൂർത്തിയാവുകയാണ്. കൊട്ടിയൂർ ക്ഷേത്രത്തിന്റെ ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

കേരളത്തിന്റെ ടൂറിസം വികസനത്തിൽ നാഴികക്കല്ലാവുന്ന മാറ്റമാണ് തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ പൂർത്തീകരണത്തോടെ സാധ്യമാവുന്നത്.

# ക്ഷീരമേഖലയിൽ നടപ്പാക്കിയത് 3.78 കോടിയുടെ വികസന പ്രവർത്തനങ്ങൾ

**കോട്ടയം:** ജില്ലയിൽ ക്ഷീരവികസന വകുപ്പ് 2022 23 സാമ്പത്തിക വർഷം നടപ്പാക്കിയത് 3,78,26,297 രൂപയുടെ വികസനപ്രവർത്തനങ്ങൾ. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ 99,68,600 രൂപയും കിടാരി പാർക്ക് പദ്ധതിയ്ക്കായി ഒമ്പത് ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡി പദ്ധതിയിൽ 22,90,500 രൂപയും തീറ്റപുൽകൃഷി പദ്ധതിയിൽ 35,46,937 രൂപയുമാണ് ചെലവാക്കിയിട്ടുള്ളത്.

ലിറ്ററിന് നാല് രൂപ വീതം പാൽ സബ്സിഡി നൽകുന്നതിനായി 1.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ അതിദരിദ്രർക്ക് ഒരു യൂണിറ്റ് പശുവിനെ നൽകുന്നതിനായി ഒരാൾക്ക് 95,400 രൂപ വീതം ഒൻപതുപേർക്കായി 858600 രൂപ നൽകി. രണ്ട് പശു യൂണിറ്റ് പദ്ധതിയിൽ 14.8 ലക്ഷവും അഞ്ച് പശു യൂണിറ്റ് പദ്ധതിയിൽ 25.08 ലക്ഷവും 10 പശു യൂണിറ്റ് പദ്ധതിയിൽ 16.56 ലക്ഷം രൂപയുമാണ് ചെലവാക്കിയിട്ടുള്ളത്. യഥാക്രമം ഒമ്പത്, 29,19,10 എന്നിങ്ങനെയാണ് ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ എണ്ണം.

കാലിത്തൊഴുത്ത് നിർമ്മാണത്തിനായി 33 പേർക്ക് 50,000 രൂപ വീതം 16,50,000 രൂപ അനുവദിച്ച് നൽകി. ഡയറി ഫാം ആധുനികവൽക്കരണം / യന്ത്രവൽക്കരണത്തിനായി 50,000 രൂപ വീതം 32 പേർക്ക് നൽകിയിട്ടുണ്ട്. ഇതിനായി 16,00,000 രൂപ ചെലവഴിച്ചു. കറവയന്ത്രത്തിനായി 30,000 രൂപ വീതം 22 പേർക്കായി 6,60,000 രൂപ നൽകി.

127 കർഷകർക്ക് കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയുടെ ഭാഗമായി 4650 രൂപ വീതം 5,90,550 രൂപ ചെലവഴിച്ചു. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, വൈക്കോൽ തുടങ്ങിയവ ലഭ്യമാക്കുന്നതിന് 17,00,000 രൂപ ചെലവഴിച്ചു. വിവിധ പ്രദേശങ്ങളിൽ കർഷകർക്കായി 10,000 കിലോ മിനറൽ മിക്സ്ചർ ലഭ്യമാക്കി. 20 സെന്റും അതിനു മുകളിലും സ്ഥലത്തുള്ള സബ്സിഡിയോടു കൂടിയ തീറ്റപ്പുല്ല് കൃഷിയ്ക്കായി 31,28,250 രൂപയും സബ്സിയില്ലാത്തതിന് 1,26,000 രൂപയും ചെലവഴിച്ചു.

## അജൈവ പാഴ്വസ്തു മാലിന്യങ്ങൾ കൈമാറാത്തതിന് പിഴ ശിക്ഷ

**കണ്ണൂർ:** ഹരിത കർമ്മ സേനയ്ക്ക് അജൈവ പാഴ്വസ്തു മാലിന്യം നൽകുന്നില്ലെന്ന പരാതിയിൽ ജില്ലാ എൻഫോഴ്സ്മെന്റ് ടീം ആയിരം രൂപ പിഴയിട്ടു. കൂത്തുപറമ്പ് സ്റ്റേഡിയം റോഡിലെ സിറ്റി ആർക്കേഡ് കോംപ്ലക്സിലെ ഫുഡ്സോൺ എന്ന സ്ഥാപനത്തിനാണ് ഹരിതകർമ്മ സേനക്ക് മാലിന്യം നൽകാത്തതിനും ഖരമാലിന്യ സംസ്കരണത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനും പിഴയിട്ടത്. നിരോധിത ഉൽപന്നങ്ങളുടെ വിൽപന, മാലിന്യം വലിച്ചെറിയലും കത്തിക്കലും, ഹരിത ചട്ടലംഘനം, നിരോധിത ഫ്ളക്സ് ഉപയോഗം എന്നിവയ്ക്കും ജില്ലാ എൻഫോഴ്സ്മെന്റ് ടീം അന്വേഷിച്ച് നടപടിയെടുക്കും.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

**കണ്ണൂർ:** തലശ്ശേരി താലൂക്ക് ചൊക്ലി വില്ലേജിലെ മേനപ്രം വേട്ടക്കൊരുമകൻ ക്ഷേത്രം, ഇരിട്ടി താലൂക്കിലെ പുന്നാട് വില്ലേജിലുള്ള കുഴുമ്പിൽ ഭഗവതി ക്ഷേത്രം എന്നിവിടങ്ങളിലെ പാരമ്പര്യേതര ട്രസ്റ്റിമാരുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം മലബാർ ദേവസ്വം ബോർഡ് വെബ്സൈറ്റ് തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ഏപ്രിൽ 20ന് വൈകീട്ട് അഞ്ച് മണിക്കകം മലബാർ ദേവസ്വം ബോർഡ് തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ ലഭിക്കണം.


## പട്ടിക പ്രസിദ്ധീകരിച്ചു

**കണ്ണൂർ:** 202324 അധ്യയന വർഷത്തിൽ ഗവ.പ്രൈമറി സ്കൂൾ പ്രധാനാധ്യാപകരായി ഉദ്യോഗകയറ്റം നൽകുന്നതിന് ജില്ലയിലെ അർഹരായ അധ്യാപകരുടെ താൽക്കാലിക മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ല/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്. പട്ടികയിൽ പരാതികളോ അപാകതകളോ ഉണ്ടെങ്കിൽ തിരുത്തുന്നതിനായി നിയന്ത്രണ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തോടു കൂടി ഏപ്രിൽ 14നകം കത്ത് സമർപ്പിക്കണം. ഫോൺ: 0497 2705149.

## അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** പട്ടികവർഗ നൈപുണ്യ വികസനത്തിന്റെ ഭാഗമായി പട്ടികവർഗ വിഭാഗത്തിലെ നിയമബിരുദധാരികളായ യുവതീ യുവാക്കൾക്ക് ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ കേരള ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകർക്ക് കീഴിൽ പരിശീലനം നൽകുന്നു. പ്രതിമാസം 18000 രൂപ ഹോണറേറിയത്തോടെ മൂന്ന് വർഷത്തേക്കാണ് ഇന്റേൺഷിപ്പ് കാലാവധി. അപേക്ഷകരിൽ നിന്നും സ്ക്രീനിങ് ടെസ്റ്റുകൾ നടത്തിയാണ് തെരഞ്ഞെടുപ്പ്. എൽ എൽ ബി, എൽ എൽ എം യോഗ്യതയുള്ളവർക്ക് ഏപ്രിൽ 10 വരെ അപേക്ഷിക്കിക്കാം. ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതമുള്ള അപേക്ഷ 10ന് വൈകിട്ട് അഞ്ച് മണി വരെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ കണ്ണൂർ ഐ ടി ഡി പി ഓഫീസിലോ സമർപ്പിക്കണം ഫോൺ: 0497 2700357.

# തൃശൂർ പൂര നഗരിയിൽ റോബോട്ടിക്സ് എക്സ്പോ



**തൃശൂർ:** റോബോട്ടിക്സ് സാക്ഷരതയിലെ മുൻനിരക്കാരായ തൃശൂർ ആസ്ഥാനമായ ഇൻകർ റോബോട്ടിക്സ്, പൈതൃകത്തെയും സംസ്കാരത്തെയും സാങ്കേതിക വിദ്യയുമായി സമന്വയിപ്പിക്കുന്ന ഫ്യൂച്ചറിസ്റ്റിക് സാങ്കേതികവിദ്യകളെക്കുറിച്ചുള്ള റോബോട്ടിക്സ് പ്രദർശനം തൃശൂർ പൂരം എക്സിബിഷന്റെ ഭാഗമായി ഒരുക്കുന്നു.

ഭാവിയിലെ സാങ്കേതികവിദ്യകളും റോബോട്ടുകളും എല്ലാം ഒരേ മേൽക്കൂരയിൽ അനുഭവിക്കാൻ ബിസിനസ്സുകളെയും ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആളുകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് 4500 ചതുരശ്ര അടി വിസ്തീർണമുള്ള വേദിയിൽ പ്രദർശനം ഒരുക്കിയിരിക്കുന്നത്.

എക്സിബിഷനിൽ, റോബോട്ടിക്സിലെ ഏറ്റവും നൂതനവും അത്യാധുനികവുമായ സംഭവവികാസങ്ങൾ ഇൻകർ പ്രദർശിപ്പിക്കും. മെയ് 22 വരെ രാവിലെ 10 മുതൽ രാത്രി 10 വരെയാണ് പ്രദർശനം.

ഇന്നുവരെയുള്ള സാങ്കേതിക വിദ്യയുടെ പരിണാമത്തിലൂടെ ഒരാളെ നയിക്കുന്ന സെൻസറുകളുള്ള 50 അടി ഇന്ററാക്ടീവ് ഭിത്തി അതിഥികളെ സ്വാഗതം ചെയ്യും. റോബോട്ടുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇൻഡസ്ട്രിയൽ റോബോട്ടുകൾ എന്നിവ ഹാൾ മാർക്കുകളായി പ്രവർത്തിക്കും, കൂടാതെ ഡ്രോൺ സാങ്കേതികവിദ്യയ്ക്കായി സമർപ്പിച്ചിരിക്കുന്ന ഒരു വിഭാഗവും സന്ദർശകർക്ക് അനുഭവിക്കാൻ ലഭ്യമാകും.



പുതുബോട്ട്, നാവോ, ഡോബോട്ട് മജീഷ്യൻ, ഡോബോട്ട് എം1, കുക്കിംഗ് റോബോട്ട്, ഫാം ബോട്ട് എന്നിവയുൾപ്പെടെയുള്ള വ്യത്യസ്ത റോബോട്ടുകളെ ആളുകൾക്ക് അവരുടെ തനതായ പ്രവർത്തനക്ഷമതയോടെ പ്രദർശന വേദിയിൽ കാണാം. താൽപ്പര്യമുള്ളവർക്ക് ഇമോഷൻ റെക്കഗ്നിഷനിൽ നിന്നും ഹാൻഡ് ആംഗ്യ ക്യാപ്ചറിൽ നിന്നും അവരുടേതായ വേഗതയിൽ ഫേസ് സ്വാപ്പിലേക്ക് സെൻസറി ആകർഷണങ്ങളും അനുഭവിക്കാനാകും. റോബോട്ടുകൾ ശസ്ത്രക്രിയകളിൽ സഹായിക്കുന്നത് മുതൽ വയലുകളിൽ കർഷകരെ സഹായിക്കുന്നത് വരെയുള്ള വൈവിധ്യമാർന്ന ജോലികൾ ചെയ്യുന്നത് സന്ദർശകർക്ക് കാണാം.

യുകെ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖരും പ്രത്യേക അതിഥികളായി എക്സ്പോ സന്ദർശിക്കും. പ്രദർശനത്തിലേക്ക് പ്രായ, തൊഴിൽ ഭേദമന്യേ എല്ലാവർക്കും പ്രവേശനം ലഭിക്കും. സമീപകാലത്ത് തൃശൂരിനെ യുനെസ്കോയുടെ ആഗോള പഠന നഗര ശൃംഖലയുടെ ഭാഗമായി അംഗീകരിക്കുകയും പൈതൃകം, സംസ്കാരം, സാങ്കേതികവിദ്യ എന്നിവയെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും ചെയ്യുന്ന ഈ പ്രദർശനം ഈ വിഷയവുമായി പൊരുത്തപ്പെടുന്നതാണ്.

റോബോട്ടിക്സിനെകുറിച്ചും വ്യവസായത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മറ്റ് സംഭവവികാസങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഈ എക്സിബിഷൻ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ ആളുകൾക്കും, സാങ്കേതിക മേഖലയിൽ വർഷങ്ങളായി നാം കൈവരിച്ച എല്ലാ പുരോഗതികളും നേരിട്ട് പഠിക്കാനും അനുഭവിക്കാനുമുള്ള സംവേദനാത്മകവും ഇമേഴ്സീവും ആയ മികച്ച അവസരമാണ്. കൂടാതെ, ഇത് നമ്മുടെ വരും തലമുറയെ പ്രചോദിപ്പിക്കുമെന്നും, വരും വർഷങ്ങളിൽ സാങ്കേതികവിദ്യ നമ്മുടെ ലോകത്തെ രൂപപ്പെടുത്തുന്ന വിവിധ വഴികളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു, ഇൻകർ റോബോട്ടിക്സ് സ്ഥാപകൻ രാഹുൽ പി ബാലചന്ദ്രൻ പറഞ്ഞു.



ഈ എക്സിബിഷനിലൂടെ, റോബോട്ടിക്സ് മേഖലയിൽ കൈവരിച്ച ശ്രദ്ധേയമായ പുരോഗതി പ്രദർശിപ്പിക്കാനും കൂടുതൽ ആളുകൾക്ക് ഈ ആവേശകരമായ പുതിയ സാങ്കേതികവിദ്യകളുമായി സംവദിക്കാൻ ഒരു വേദിയൊരുക്കാനും കമ്പനി ലക്ഷ്യമിടുന്നു.

ഇൻകർ റോബോട്ടിക്സ് അതിന്റെ ആഭ്യന്തര, വ്യാവസായിക ആപ്ലിക്കേഷനുകൾക്കൊപ്പം ഇന്റർനെറ്റ് ഓഫ് തിംഗ്സ് പ്രദർശിപ്പിക്കും. 3ഡി ലൈവ് ഫുഡ് പ്രിന്റിംഗിനൊപ്പം കൃത്യമായ ലേസർ കൊത്തുപണികളോടുകൂടിയ 3ഡി പ്രിന്റിംഗ് മോഡലിംഗും സന്ദർശകർക്ക് കാണാനാകും.വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി ആകർഷണങ്ങളും ഉണ്ട്, ഇത് പ്രദർശനം വളരെ നിരക്കിൽ മറക്കാനാവാത്ത, അനുഭവമാക്കി മാറ്റുന്നു.


## കശുവണ്ടി മേഖലയെ രാജ്യാന്തര നിലവാരത്തിൽ എത്തിക്കും: മന്ത്രി കെ എൻ ബാലഗോപാൽ

**കൊല്ലം:** ആധുനികവത്ക്കരണത്തിലൂടെ കേരളത്തിലെ കശുവണ്ടി മേഖലയെ രാജ്യാന്തര നിലവാരത്തിൽ എത്തിക്കുമെന്ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പരുത്തുംപാറയിലെ നവീകരിച്ച ഫാക്ടറി സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കശുവണ്ടിയുടെ തനത് രുചി നിലനിർത്തിയാണ് കേരളത്തിലെ സംസ്കരണ രീതി. ചെലവ് കുറച്ച് വേഗത്തിൽ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള



സംവിധാനങ്ങളിലേക്കാണ് ഇനി പോകുന്നത്. ഇത് ഉൾപ്പെടെ ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 58 കോടി രൂപയാണ് വകയിരുത്തുന്നത്.രണ്ട് വർഷം കൊണ്ട് 11 വർഷത്തെ ഗ്രാറ്റുവിറ്റി കുടിശികയാണ് തൊഴിലാളികൾക്ക് വിതരണം ചെയ്തത്.ഓണക്കാലത്ത് 80 ലക്ഷം ഭക്ഷ്യകിറ്റുകളിൽ കശുവണ്ടി പാക്കറ്റ് കൂടി ഉൾപ്പെടുത്തിയത് മേഖലയുടെ പുനരുജീവനം ലക്ഷ്യമിട്ടായിരുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ് ജയമോഹൻ അധ്യക്ഷനായി. എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രതീഷ് കിളിത്തട്ടിൽ, കാപക്സ് എം ഡി രാജേഷ് രാമകൃഷ്ണൻ, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ സുഭഗൻ, ജനപ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു.



# ചൂഷണത്തിനിരയായ സ്ത്രീകളെയും കുട്ടികളെയും മുഖ്യധാരയിലേക്കുയർത്തണം




**കൊച്ചി:** ചൂഷണത്തിനിരയായ സ്ത്രീകളെയും കുട്ടികളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണെന്ന് ഓർമപ്പെടുത്തി വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാർ. എന്റെ കേരളം പ്രദർശന വിപണന മേളയോടനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സുരക്ഷാ സംവിധാനങ്ങൾ എന്ന വിഷയത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. കൊച്ചി കോർപറേഷൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബലാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും പരിരക്ഷയ്ക്കായി ജനകീയ ആസൂത്രണ പദ്ധതി പ്രകാരം നിരവധി പ്രവർത്തങ്ങൾ കൊച്ചി കോർപറേഷൻ നടത്തിയെന്ന് ഷീബലാൽ പറഞ്ഞു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ജലജ ചന്ദ്രൻ അധ്യക്ഷത വഹിച്ചു.ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ കെ.കെ. ഷാജു ശിശു സംരക്ഷണ സംവിധാനങ്ങൾ എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. മൊബൈൽ ഫോൺ പോലുള്ള സാങ്കേതിക വിദ്യകളുടെ ദുരുപയോഗം മൂലം കൂടുതൽ കുട്ടികൾ ചൂഷണത്തിന് വിധേയമാകുന്നുവെന്ന് അദ്ദേഹം പറഞ്ഞു.സ്ത്രീകൾക്കു വേണ്ടിയുള്ള നിയമങ്ങളെ കുറിച്ച് ഓരോ സ്ത്രീയ്ക്കും അവബോധം ഉണ്ടാകണമെന്ന് സ്ത്രീ സംരക്ഷണ നിയമങ്ങൾ എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ച ലീഗൽ കൗൺസിലർ അഡ്വ. മരിയ ജോയ് പറഞ്ഞു. എറണാകുളം വനിത സംരക്ഷണ ഓഫീസർ എച്ച്. താഹിറ ബീവി സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട സർക്കാർ സംവിധാനകളെ കുറിച്ചു വിശദീകരിച്ചു.ജില്ലാ വനിത ശിശു വികസന ഓഫീസർ ഡോ. പ്രേംന മനോജ് ശങ്കർ, എറണാകുളം ശിശു സംരക്ഷണ ഓഫീസർ കെ. എസ്. സിനി, കൊച്ചി അർബൻ 2 ചൈൽഡ് ഡവലപ്മെന്റ് പ്രൊട്ടക്ഷൻ ഓഫീസർ ഇന്ദു തുടങ്ങിയവർ പങ്കെടുത്തു.

# വിർച്ച്വൽ റിയാലിറ്റിയിൽ റോളർ കോസ്റ്ററുമായി കെൽട്രോൺ



**കൊച്ചി:** സാഹസികത ഇഷ്ടപ്പെടുന്നവരുടെ വലിയ ആഗ്രഹങ്ങളിൽ ഒന്നാണ് വളഞ്ഞുപുളഞ്ഞു പോകുന്ന റോളർ കോസ്റ്ററിൽ കയറണമെന്നത്. കളി ട്രയിനിൽ കയറ്റി തിരിച്ചും മറിച്ചും തലകുത്തിയും ഒരു റൗണ്ട് കറങ്ങി വരുമ്പോഴേക്കും വല്ലാത്തൊരു അനുഭവമാകും ലഭിക്കുക. റോളർ കോസ്റ്ററിൽ കയറാതെ തന്നെ ഈ അനുഭവം നൽകുകയാണ് കൊച്ചി മറൈൻ ഡ്രൈവിൽ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേള. മേളയിൽ ഒരുക്കിയിട്ടുള്ള കെൽട്രോണിന്റെ പവിലിയനിലാണ് ഇതിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. വിർചൽ റിയാലിറ്റിയുടെ (വി.ആർ) സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് യഥാർത്ഥ്യത്തെ വെല്ലുന്ന തരത്തിൽ വിർചൽ റിയാലിറ്റിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഇത്. പണം കൊടുത്തു മാത്രം ആസ്വദിക്കാൻ കഴിയുന്ന നവ്യാനുഭവം സൗജന്യമായാണ് പൊതുജനങ്ങൾക്ക് നൽകുന്നത്. കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർ ഇതു കാണാനായി വരി നിൽക്കുന്ന കാഴ്ചയാണ് ഓരോ നിമിഷവും സ്റ്റാളിന് പുറത്തുള്ളത്.2018ൽ സംസ്ഥാനത്തെ ആദ്യ വിർചൽ ലാബ് ആരംഭിച്ചത് സർക്കാർ സ്ഥാപനമായ കെൽട്രോണായിരുന്നു. വി.ആർ അനുഭവം സാധാരണക്കാരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ എന്റെ കേരളത്തിൽ പവിലിയൻ ഒരുക്കിയത്. വിദ്യാഭ്യാസവും വിനോദവും ഇടകലർത്തി എജ്യൂടെയിൻമെന്റ് എന്ന രീതിയിലാണ് വി.ആർ അനുഭവം സമ്മാനിക്കുന്നത്. കെൽട്രോണിലെ അക്കാദമിക് എക്സിക്യൂട്ടീവുമാരായ അരുൺ ജോഷി, അബ്ദുൽ ഹാഷിം, ഹെഡ് ഓഫ് സെന്റർ കെ. ജയപ്രകാശ് എന്നിവരാണ് നേതൃത്വം നൽകുന്നത്.കെൽട്രോണിനു പുറമേ സ്വകാര്യസ്ഥാപനമായ ബിൽഡ് നെക്സ്റ്റും കിഫ്ബിയും പ്രദർശന നഗരിയിൽ തന്നെ വി.ആർ സംവിധാനം ഒരുക്കിയിട്ടുണ്ട്. വെർചൽ റിയാലിറ്റിയുടെ സഹായത്തോടെ ആവിഷ്കരണ ഘട്ടത്തിലുള്ള ഒരു പദ്ധതി യാഥാർഥ്യമാകുമ്പോൾ  എങ്ങനെയാകും എന്ന് കാണാനുള്ള സൗകര്യമാണ് കിഫ്ബിയുടെ സ്റ്റാളിൽ ഒരുക്കിയിട്ടുള്ളത്.

# കോഴിക്കോട് ആസ്റ്റർ മിംസിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഉദരരോഗ ശസ്ത്രക്രിയാ ക്യാമ്പ്

**കോഴിക്കോട് :** ഉദര രോഗസംബന്ധമായ ശസ്ത്രക്രിയകൾ നിർദ്ദേശിക്കപ്പെട്ടവർക്കായി പ്രത്യേക ആനുകൂല്യങ്ങളോടെ ശസ്ത്രക്രിയ നിർവ്വഹിച്ച് നൽകുന്നതിനായി കോഴിക്കോട് ആസ്റ്റർ മിംസ് ഒരു മാസം നീണ്ടുനിൽക്കുന്ന ക്യാമ്പ് സംഘടിപ്പിക്കുന്നു. സാമ്പത്തികമായ പ്രതിസന്ധികൾ മൂലം ശസ്ത്രക്രിയ നീട്ടിവെക്കേണ്ടി വന്നവർക്ക് ഉൾപ്പെടെ ഈ അവസരം പ്രയോജനപ്പെടുത്താൻ സാധിക്കും. 100 പേർക്കാണ് ക്യാമ്പിന്റെ ഭാഗമായുള്ള ആനുകൂല്യങ്ങൾ ലഭ്യമാവുക. രജിസ്ട്രേഷൻ, ഡോക്ടറുടെ കൺസൽട്ടേഷൻ എന്നിവ പൂർണ്ണമായും സൗജന്യമായി ലഭ്യമാകും. ഇതിന് പുറമെ എൻഡോസ്കോപ്പി, കൊളണോസ്കോപ്പി, അൾട്രാസൗണ്ട്, സി ടി സ്കാൻ, എം.ആർ.ഐ സ്കാൻ, ലാബ്, റേഡിയോളജി പരിശോധനകൾ എന്നിവക്ക് 20% ഡിസ്കൗണ്ടും കൂടാതെ സർജറി ആവശ്യമായി വന്നാൽ ആസ്റ്റർ ട്രസ്റ്റിന്റെ സഹായത്തോടെ ഏറ്റവും കുറഞ്ഞ നിരക്കും ലഭ്യമാക്കിയിട്ടുണ്ട്. മലബന്ധം, നെഞ്ചെരിച്ചിൽ, അൾസർ മുതലായ രോഗ ലക്ഷണങ്ങളുള്ളവർ, ഉദര കാൻസറുകൾ നിർണയിക്കുകയും ശസ്ത്രക്രിയക്കായി കാത്തിരിക്കുകയൂം ചെയ്യുന്നവർ ഉദരം, കുടൽ, കരൾ, പാൻക്രിയാസ് എന്നിവ സംബന്ധമായ ഏതു പ്രശ്നങ്ങൾക്കും സർജറികൾ നിർദ്ദേശിക്കപ്പെട്ടവർ എന്നിവർക്കാണ് ക്യാമ്പിൽ സേവനങ്ങൾ ലഭ്യമാവുക. റോബോട്ടിക് ലിവർ ട്രാൻസ്പ്ലാന്റ് സർജറി ഉൾപ്പെടെ ലോകത്തിലെ ഏറ്റവും ആധുനികമായ ചികിത്സാ രീതികൾ സമന്വയിപ്പിക്കപ്പെട്ട കോഴിക്കോട് ആസ്റ്റർ മിംസിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം സമാനരംഗത്ത് ഉത്തര കേരളത്തിലെ ഏറ്റവും മികച്ച സെന്റർ കൂടിയാണ്.  ക്യാമ്പിന് ആസ്റ്റർ മിംസ് ഉദരരോഗ സർജറി വിഭാഗം മേധാവി ഡോ. സജീഷ് സഹദേവൻ നേതൃത്വം നൽകും. സീനിയർ കൺസൾട്ടന്റുമാരായ ഡോ. നൗഷിഫ് എം, ഡോ. അഭിഷേക് രാജൻ, ഡോ സീതാ ലക്ഷ്മി എന്നിവർ ക്യാമ്പിൽ പങ്കാളികളാകും.രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9562881177, 9207771727 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള ഏഴിക്കര പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടേയും, അങ്കണവാടി ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും നിയമനം (നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം) നടത്തുന്നതിനായി ഏഴിക്കര പഞ്ചായത്തിലെ സ്ഥിരതാമസക്കാരും സേവന തത്പരരുമായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ പ്രായം 2023 ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയാകേണ്ടതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ ഏപ്രിൽ 10 മുതൽ 26 വൈകീട്ട് അഞ്ചുവരെ നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട്, ഏഴിക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ നമ്പർ : 0484 2448803

## ഡിജിറ്റൽ മാർക്കറ്റിംഗ് വർക്ക്ഷോപ്

ഡിജിറ്റൽ മാർക്കറ്റിംഗ് രംഗത്ത് കൂടുതൽ അറിവ് നേടാൻ താത്പര്യപ്പെടുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രെന്യർഷിപ് ഡെവലപ്മെന്റ് (ഗകഋഉ), മൂന്ന് ദിവസത്തെ ഡിജിറ്റൽ മാർക്കറ്റിംഗ് വർക്ക്ഷോപ് (റെസിഡൻഷ്യൽ) സംഘടിപ്പിക്കുന്നു. ഏപ്രിൽ 11 മുതൽ 13 വരെ കളമശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. സോഷ്യൽ മീഡിയ അഡ്വർടൈസിംഗ്, മാർക്കറ്റിംഗ് ഓട്ടോമേഷൻ, സെർച്ച് എഞ്ചിൻ ഒപ്റ്റിമൈസേഷൻ, വെബ്സൈറ്റ് മാനേജ്മെൻറ് തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനമാണ് നൽകുന്നത്. സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം (ജി.എസ്.ടി ഉൾപ്പടെ) എന്നിവയ്ക്ക് 2,950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ കീഡിൻറെ വെബ്സൈറ്റ് ആയ ംംം.സശലറ.ശിളീൽ ഏപ്രിൽ ഏഴിനു മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/ 2550322.

## ക്വട്ടേഷൻ ക്ഷണിച്ചു

**കോതമംഗലം** എൽ.എസ്.ജി.ഡി സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 202324 സാമ്പത്തിക വർഷത്തെ ഔദ്യോഗിക ആവശ്യത്തിനായി എസി സൗകര്യമുള്ള കാർ/എസ്.യുവി/ ബൊലേറോ ജീപ്പ് പോലുള്ള ഏഴ് സീറ്റർ വാഹനം വാടകയ്ക്ക് നൽകുവാൻ താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. വിശദ വിവരങ്ങൾ എൽ.എസ്. ജി.ഡി സബ് ഡിവിഷൻ നോട്ടീസ് ബോർഡിലും വേുേ://ലേിറലൃ.ഹഴെറസലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

# ബിനാലെ സമകാലിക വിഷയങ്ങൾ കൂടുതൽ പ്രതിഫലിപ്പിക്കുന്നു: ബെന്യാമിൻ



**കൊച്ചി:** ഏറ്റവും സമകാലികമായ വിഷയങ്ങൾ കൂടുതൽ പ്രതിഫലിപ്പിക്കുന്നതാണ് ഇത്തവണത്തെ ബിനാലെയെന്നു എഴുത്തുകാരൻ ബെന്യാമിൻ. മനുഷ്യന്റെ അധിനിവേശ സ്വഭാവങ്ങൾ ജീവിതങ്ങളിലുണ്ടാക്കുന്ന മാറ്റങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള കടന്നുകയറ്റങ്ങൾ, ട്രാൻസ്ജെൻഡർ വിഷയങ്ങൾ, പ്രകൃതിനാശം, മനുഷ്യജീവിയുടെ ഭാവി അഭിമുഖീകരിക്കുന്ന അപകടങ്ങൾ ഉൾപ്പെടെ എല്ലാം ബിനാലെ കൈകാര്യം ചെയ്യുന്നുണ്ട്. സാഹിത്യത്തെയും പ്രവാസത്തെയും ആധാരമാക്കിയ കലാവിഷ്കാരങ്ങളുടെ ബാഹുല്യവും ഇത്തവണത്തെ വ്യത്യസ്തതയാണ്.ഒരു ആർട്ട് ഫോം എന്നതിലുപരി സാമൂഹ്യപ്രതിബദ്ധതയുള്ള, ഭാവിയെക്കുറിച്ച് ആകുലതകൾ കൂടുതൽ പങ്കുവയ്ക്കുന്ന ഇക്കുറിയിലെ ബിനാലെ യുവാക്കൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ചുറ്റുപാടുമുള്ള അറിയാത്ത ഇരുണ്ട ഇടങ്ങളെ കൂടുതൽ വെളിച്ചത്തിലേക്കും നമ്മുടെ ബോധത്തിലേക്കും കൊണ്ടുവരികയും നമ്മെ കൂടുതൽ ജാഗരൂകരാക്കുകയും ചെയ്യുന്നുണ്ട് ബിനാലെ. ബിനാലെയുടെ എല്ലാ പതിപ്പുകളും കാണാനായത് ഭാഗ്യമായി കരുതുന്നുവെന്നും ബെന്യാമിൻ പറഞ്ഞു.ബിനാലെ സന്ദർശനം സമാനതകളില്ലാത്ത ആസ്വാദനമാണ് സമ്മാനിക്കുന്നതെന്ന് എയർ ഇന്ത്യ എക്സ്പ്രസ്സ് ആൻഡ് എയർ ഏഷ്യ എംഡി അലോക് സിംഗ്. ഏവരും കണ്ടിരിക്കേണ്ടത്. കലയും സംസ്കാരവും സമൂഹത്തിന്റെ എല്ലാ തട്ടിലേക്കും പകരുന്ന ബിനാലെ ടൂറിസം ഉൾപ്പെടെ പല മേഖലകൾക്ക് കരുത്തു പകരുന്നു. എയർ ഇന്ത്യയും ടാറ്റ ഗ്രൂപ്പും എല്ലാക്കാലത്തും കല, സംസ്കാരം, പൈതൃകം തുടങ്ങിയ മേഖലകൾക്ക് വലിയ പിന്തുണയാണ് നൽകുന്നത്. ഒരു അംബാസഡർതന്നെയായാണ് പ്രവർത്തിക്കുന്നത്. അരനൂറ്റാണ്ടായ ആ പാരമ്പര്യത്തിന്റെ തുടർച്ചയായാണ് ബിനാലെയിലെ ഊഷ്മള പങ്കാളിത്തം. ലോക ഭൂപടത്തിൽ ഇടം പിടിച്ച കൊച്ചി ബിനാലെയ്ക്ക് കൂടുതൽ കോർപ്പറേറ്റ് സ്പോൺസർമാർ ഉണ്ടാകേണ്ടതുണ്ട്.സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ പ്രൊഫ. വി കെ രാമചന്ദ്രൻ, ഇന്ത്യയിലെ ബ്രിട്ടീഷ് കൗൺസിൽ ആർട്ട്സ് ഡയറക്ടർ ജോനാഥൻ കെന്നഡി, ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ അഭയ് കുമാർ, പ്രമുഖ ചെക്ക് ഇൻവെസ്റ്റിഗേറ്റിവ് ജേർണലിസ്റ്റ് പാവ്ല ഹോൾക്കോവ, ഗായകൻ ഷഹബാസ് അമൻ ,സംവിധായകൻ മധു സി നാരായണൻ എന്നിവരും ബിനാലെ സന്ദർശിച്ചു.

## സച്ചിൻ ടെണ്ടുൽക്കറിന് തനിഷ്കിന്റെ ആദരവ്

# തനിഷ്ക് സെലസ്റ്റ് എക്സ് സച്ചിൻ ടെണ്ടുൽക്കർ സോളിറ്റയർ ശേഖരം പുറത്തിറക്കി




**കൊച്ചി:** ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറിന് ആദരവുമായി തനിഷ്ക്. തനിഷ്ക് സെലസ്റ്റ് എക്സ് സച്ചിൻ ടെണ്ടുൽക്കർ സോളിറ്റയർ ശേഖരം അവതരിപ്പിച്ചു. മാസ്റ്റർ ബ്ലാസ്റ്ററുടെ 100 അന്താരാഷ്ട്ര സെഞ്ചറികൾ ആഘോഷിച്ചു കൊണ്ട് അദ്ദേഹത്തിന്റെ 50ാം ജൻമ വർഷത്തിലാണ് ഈ ശേഖരം മെനഞ്ഞെടുത്തിരിക്കുന്നതെന്ന് ടൈറ്റൻ കമ്പനിയുടെ തനിഷ്ക് മാർക്കറ്റിങ് ആന്റ് റീട്ടെൽ വിഭാഗം വൈസ് പ്രസിഡൻറ് അരുൺ നാരായൺ പറഞ്ഞു. റിങ്ങുകൾ, ഇയർ റിങ്ങുകൾ, ബ്രേസ് ലെറ്റുകൾ തുടങ്ങി സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള ആകർഷകങ്ങളായ രൂപകൽപനകൾ അടങ്ങിയതാണ് തനിഷ്ക് സെലസ്റ്റ് എക്സ് സച്ചിൻ ടെണ്ടുൽക്കർ. ഉയർന്ന ഗ്രേഡിലുള്ളതും 10 ഇരട്ടി മാഗ്നിഫിക്കേഷനിൽ പോലും എന്തെങ്കിലും പാടുകൾ ഇല്ലാത്തതുമായ വിധത്തിലുള്ളവയാണ് തനിഷ്കിൽ നിന്നുള്ള ഈ അത്യാകർഷക ശേഖരം. മികവ്, കഴിവ്, അപൂർവത, സ്നേഹം, ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട നിമിഷങ്ങളുടെ ആഘോഷം തുടങ്ങിയവയുടെ എല്ലാം പ്രതീകമാണ് ഈ സോളിറ്റയർ ആഭരണങ്ങൾ എന്നും അദ്ദേഹം പറഞ്ഞു.സമാനതകളില്ലാത്ത മികവോടെ ഏറ്റവും മികച്ച രീതിയിൽ കടഞ്ഞെടുത്ത സോളിറ്റയർ ഡയമണ്ടുകൾ പുറത്തിറക്കുന്നതിൽ ഏറെ ആഹ്ലാദമുണ്ട്.ലോകത്ത് ഏറ്റവും മികച്ചവയിൽ നിന്നു കണ്ടെത്തിയ ഈ ഡയമണ്ടുകൾ മികവ്, സവിശേഷതകൾ തുടങ്ങിയവയിൽ അറുപതിലേറെ മാനദണ്ഡങ്ങൾ അനുസരിച്ചു ഗ്രേഡു ചെയ്തിട്ടുണ്ട്. ഡയമണ്ട് കട്ടിങ് രംഗത്തെ ഒരു നൂറ്റാണ്ടിലേറെയായുള്ള ഏറ്റവും വലിയ പുതുമയും ഇതിലുണ്ട്. ഇതിന്റെ പ്രകാശ പ്രകടനത്തെ മെച്ചപ്പെടുത്തുന്ന അദൃശ്യമായ ആയിരക്കണക്കിനു നാനേഅരുൺ നാരായൺ പറഞ്ഞു. അദ്ദേഹം പറഞ്ഞു.മികവിന്റെയും കഴിവിന്റെയും പ്രതീകമെന്ന നിലയിൽ, ഡി ഫ്ളോലെസ് 1 കാരറ്റ് വിഭാഗത്തിൽ ആഗോള തലത്തിൽ ലഭ്യമായ സോളിറ്റയറുകളുടെ 0.006 ശതമാനത്തിൽ താഴെ വരുന്ന 100 ലിമിറ്റഡ് എഡിഷൻ സച്ചിൻ എക്സ് സെലസ്റ്റ് സോളിറ്റയറുകൾ അവതരിപ്പിക്കുന്നതിൽ ആഹ്ലാദമുണ്ട്.ഈ കാലത്ത് ലോകത്തിലുള്ള ഏറ്റവും മൂല്യമേറിയ 1 കാരറ്റ് ഡയമണ്ടുകളാണിവ. സച്ചിന്റെ സെഞ്ചറികളുടെ സെഞ്ചറിയുടെ ദശാബ്ദം ആഘോഷിക്കാനായി ഇവയും എത്തുകയാണ്. മാസ്റ്റർ ബ്ലാസ്റ്ററെ പോലെ തന്നെ സെലസ്റ്റ് ഡയമണ്ടുകളും പ്രത്യേകമായി ജനിച്ചവയാണ്. പക്ഷേ, അവ കടഞ്ഞെടുക്കുകയും രൂപകൽപന ചെയ്യുകയും വഴി പൂർണതയിലെത്തിക്കണം. ഈ യാത്ര ആഘോഷിക്കാനായി ഓരോ സച്ചിൻ എക്സ് സെലസ്റ്റ് സ്പെഷൽ എഡിഷൻ സോളിറ്റയറുകളും സച്ചിൻ ബ്രില്യൻറ് ബൈ ഡിസൈൻ എന്ന സവിശേഷമായ കോഫി ടേബിൾ ബുക്കുമായാണ് എത്തുന്നത്.ഈ പ്രത്യേകമായ ലിമിറ്റഡ് എഡിഷൻ ശേഖരം സൃഷ്ടിക്കാനും ജീവിതത്തിലേക്ക് അതിനെ എത്തിക്കാനുമായി തനിഷ്കുമായി സഹകരിക്കുന്നത് ആഹ്ലാദകരമാണെന്ന് സച്ചിൻ ടെണ്ടുൽക്കർ പറഞ്ഞു. സങ്കീർണതകളുള്ള രൂപകൽപന, വിശ്വാസ്യത, മഹത്തായ ഉപഭോക്തൃ ബന്ധം തുടങ്ങിയവയുള്ള മികച്ച ബ്രാൻഡാണ് തനിഷ്ക്. ശ്രദ്ധാപൂർവ്വം മെനഞ്ഞെടുത്ത നവീനമായ ശേഖരവും ക്രിക്കറ്റിൻറെ ആവേശം ആഘോഷിക്കുന്നതുമാണ് തനിഷ്ക് സെലസ്റ്റ്. ഉപഭോക്താക്കൾക്കിടയിൽ മികവ് ആഘോഷിക്കാനുള്ള പുതിയ അവസരങ്ങൾ ഈ പങ്കാളിത്തത്തിലൂടെ തുറന്നു കിട്ടുമെന്നു താൻ പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

# കച്ചവടക്കാർക്കായി 'ഡിജിറ്റൽ ദൂക്കാൻ' അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

**കൊച്ചി:** കച്ചവടക്കാർക്ക് സമഗ്ര ഡിജിറ്റൽ സേവനങ്ങൾ നൽകുന്ന 'ഡിജിറ്റൽ ദൂക്കാൻ' ആക്സിസ് ബാങ്ക് അവതരിപ്പിച്ചു. ഡിജിറ്റൽ പണമിടപാടുകൾ സ്വീകരിക്കൽ, ഇൻവെന്ററി മാനേജ്മെന്റ്, ബില്ലിങ് തുടങ്ങി നിരവധി സേവനങ്ങൾ ഇതിലൂടെ ലഭിക്കും. കച്ചവടക്കാർക്ക് ഓൺലൈൻ സ്റ്റോർ ആരംഭിക്കാനും ബിസിനസ് വർധിപ്പിക്കാനും ഈ ആപ്പിൽ അവസരമുണ്ടെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പെയ്മെന്റ് വിഭാഗം മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഘെ പറഞ്ഞു. ആൻഡ്രോയ്ഡ് സ്മാർട്ട് പിഒഎസ് ആപ്ലിക്കേഷനിലൂടെ പ്രവർത്തിക്കുന്ന ഡിജിറ്റൽ ദൂക്കാൻ ആപ്പിൽ എൽഇഡി ഫ്ളാഷ് ലൈറ്റോടു കൂടിയ ക്യാമറ ബാർകോഡുകൾ സ്കാൻ ചെയ്യാനും അയ്യായിരം രൂപ വരെയുള്ള ടാപ് ആൻറ് പേ സംവിധാനവും ലഭ്യമാക്കും. ഇഎംഐ, ബിക്യൂആർ, സോഡെക്സോ കാർഡ് സ്വീകരിക്കൽ, ബൈ ആൻറ് പേ ലേറ്റർ സംവിധാനം തുടങ്ങിയവയും ഇതിലൂടെ സാധ്യമാകും. ഉപഭോക്താക്കൾക്ക് എസ്എംഎസ് വഴി ഓഫറുകളും ഇളവുകളും അയച്ചു കൊടുക്കാനും ഡിജിറ്റൽ ദൂക്കാൻ സഹായകമാകും. കച്ചവടക്കാർക്ക് ചെലവു കുറക്കാനും താങ്ങാനാവുന്ന രീതിയിൽ ഡിജിറ്റൽ ഇടപാടുകൾ നടത്താനും സഹായിക്കുന്ന സംവിധാനങ്ങൾ ഒരുക്കാനാണു തങ്ങൾ തുടർച്ചയായി ശ്രമിക്കുന്നതെന്നും സഞ്ജീവ് മോഘെ പറഞ്ഞു. ഡിജിറ്റൽ ദൂക്കാൻ അവതരിപ്പിക്കാനായി വീസയുമായി സഹകരിക്കുന്നതിൽ തങ്ങൾക്ക് ആഹ്ളാദമുണ്ടെന്നും അദ്ദേഹം പറഞ്ഞു.ചെറുകിട സംരംഭങ്ങളെ ഡിജിറ്റൽ ഇടപാടുകളുമായി ശാക്തീകരിക്കുക എന്നത് ആഗോള തലത്തിൽ തന്നെ വീസയുടെ രീതിയാണെന്ന് വീസ ഇന്ത്യാ, ദക്ഷിണേന്ത്യാ മർച്ചന്റ് സെയിൽസ് ആന്റ് സൊലൂഷൻസ് വിഭാഗം മേധാവി ഷൈലേഷ് പോൾ പറഞ്ഞു.

# വിഷുവിന് സ്പെഷ്യൽ മഹിളാ മാർക്കറ്റുമായി മെട്രോ


KOCHI METRO RAIL LIMITED

**കൊച്ചി:** കൊച്ചി മെട്രോ സ്റ്റേഷനിൽ ഉത്പന്നങ്ങൾ വിൽക്കുന്നതിന് ചെറുകിട വനിതാ സംരംഭകർക്കും ഭിന്നശേഷിയുള്ളവർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും അവസരം. ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ നടത്താൻ ഉദ്ദേശിക്കുന്ന വിഷു സ്പെഷ്യൽ മെട്രോ മഹിളാ മാർക്കറ്റിൽ ഭാഗമാകാം. ഏപ്രിൽ 11,12,13 തീയതികളിൽ നടക്കുന്ന മെട്രോ മഹിളാ മാർക്കറ്റിന് നേതൃത്വം നൽകുക ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്മൃതി സ്കൂൾ ആണ്. വിഷുവിന് വീടുകളിലേക്ക് ആവശ്യമായ ഉത്പന്നങ്ങളെല്ലാം തന്നെ മെട്രോ മഹിളാ മാർക്കറ്റിൽ ലഭിക്കും. മെട്രോ മഹിളാ മാർക്കറ്റിൽ പങ്കാളികളാകാൻ താത്പര്യമുള്ള സംരഭകർക്ക് 9400210779 എന്ന നമ്പറിൽ ബന്ധപ്പെടാം. വൈറ്റില മെട്രോ സ്റ്റേഷനിൽ നടന്ന ആദ്യ മെട്രോ മഹിളാ മാർക്കറ്റിന് ലഭിച്ച മികച്ച പ്രതികരണമാണ് മറ്റ് സ്റ്റേഷനുകളിലേക്കും ഇവ വ്യാപിപ്പിക്കാൻ വഴിയൊരുക്കിയത്.

# ഡിഎംഐ ഫിനാൻസ് 40 കോടി ഡോളറിന്റെ ഓഹരി നിക്ഷേപ റൗണ്ട് പൂർത്തിയാക്കി

**കൊച്ചി:** ഡിജിറ്റൽ ധനകാര്യ സേവന കമ്പനിയായ ഡിഎംഐ ഫിനാൻസ് 40 കോടി യുഎസ് ഡോളറിന്റെ ഓഹരി നിക്ഷേപ റൗണ്ട് പൂർത്തിയാക്കി. മിറ്റ്സുബിഷി യുഎഫ്ജെ ഫിനാഷ്യൽ ഗ്രൂപ്പിന്റെ നേതൃത്വത്തിലായിരുന്നു നിക്ഷേപ സമാഹരണം. സുമിറ്റോമോ സിറ്റ്സുയി ട്രസ്റ്റ് ബാങ്ക് ഉൾപ്പെടെ നിലവിലെ നിക്ഷേപകരും പങ്കാളികളായി. പ്രാഥമിക, ദിദ്വീയ ഇടപാടുകളും ഈ നിക്ഷേപ റൗണ്ടിൽ ഉൾപ്പെടും. വ്യക്തിഗത, എംഎസ്എംഇ വായ്പകൾ, ഉപഭോക്തൃ സേവനം, കലക്ഷൻ ഉൾപ്പെടെയുള്ള ധനകാര്യ സേവനങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ വേഗത്തിൽ ലഭ്യമാക്കുന്ന സ്ഥാപനമാണ് ഡിഎംഐ ഫിനാൻസ്. സാംസങ്, ഗൂഗിൾ പേ, എയർടെൽ തുടങ്ങിയവരുടെ എംബഡഡ് ഡിജിറ്റൽ ഫിനാൻസ് പങ്കാളി കൂടിയാണ് ഡിഎംഐ ഫിനാൻസ്.

# എയർ ഇന്ത്യ എക്സ്പ്രസ് ഡോട്ട് കോം; ബുക്കിംഗിൽ വൻ വർധന




**കൊച്ചി:** എയർ ഇന്ത്യയുടെ രണ്ടു സബ്സിഡിയറി എയർലൈനുകളായ എയർ ഇന്ത്യ എക്സ്പ്രസ്, എയർ ഏഷ്യ ഇന്ത്യ എന്നിവയുടെ സംയോജിത ഉപഭോക്തൃ മുഖമായ എയർ ഇന്ത്യഎക്സ്പ്രസ്ഡോട്ട്കോം അവതരിപ്പിക്കപ്പെട്ട് ദിവസങ്ങൾക്കുള്ളിൽ തന്നെ സന്ദർശകരുടെ കാര്യത്തിൽ വൻ വർധനവു രേഖപ്പെടുത്തി. പുതിയ വെബ്സൈറ്റിൽ സന്ദർശനങ്ങളുടെ കാര്യത്തിൽ 125 ശതമാനം വർധനവുണ്ടായി. ആദ്യ ദിനത്തിൽ തന്നെ അന്താരാഷ്ട്ര ഫ്ളൈറ്റ് വരുമാനത്തിൻറെ കാര്യത്തിൽ 25 ശതമാനത്തിലേറെയും ഈ സംവിധാനത്തിലൂടെ നേടി.എയർ ഇന്ത്യ എക്സ്പ്രസ്, എയർഏഷ്യ ഇന്ത്യ വിമാനങ്ങളിലെ യാത്രക്കാർ ബുക്കിങ്, റിസർവേഷൻ തുടങ്ങിയവയ്ക്കായി എയർഇന്ത്യഎക്സ്പ്രസ്ഡോട്ട്കോം എന്ന പുതിയ വെബ്സൈറ്റാണ് സന്ദർശിക്കുന്നത്. ഇരു എയർലൈനുകളുടേയും സംയോജനത്തിലെ സുപ്രധാന നാഴികക്കല്ലാണിത്. എയർഏഷ്യ ഇന്ത്യയുടെ വെബ്സൈറ്റ് പ്ലാറ്റ്ഫോമിൽ കൺസൾട്ടൻസി സർവീസസാണ് എയർഇന്ത്യഎക്സ്പ്രസ്ഡോട്ട്കോം വികസിപ്പിച്ചത്. മെച്ചപ്പെട്ട രീതിയിലെ ബുക്കിങ്, പിന്തുണ, സഞ്ചാര അനുഭവങ്ങൾ തുടങ്ങിയവയാണ് ഈ സംവിധാനത്തിലൂടെ എയർ ഇന്ത്യ എക്സ്പ്രസ് ഉപഭോക്താക്കൾക്കു ലഭിക്കുന്നതെന്ന് എയർ ഇന്ത്യ എക്സ്പ്രസിൻറെയും എയർഏഷ്യ ഇന്ത്യയുടെയും മാനേജിങ് ഡയറക്ടർ അലോക് സിങ് പറഞ്ഞു.ഇരു എയർലൈനുകളുടേയും വാണിജ്യ സംവിധാനങ്ങൾ പൂർണമായി ഏകീകരിക്കുന്ന പൊതു റിസർവേഷൻ, ചെക്ക് ഇൻ സംവിധാനങ്ങളിലേക്കു കടക്കുന്നതിനു വഴിയൊരുക്കുന്നതാണ് പുതിയ വെബ്സൈറ്റിന്റെ അവതരണം. പൊതു റിസർവേഷൻ സംവിധാനം വിജയകരമായി അവതരിപ്പിച്ചതിനു ശേഷം എയർപോർട്ടുകളിലെ പൊതുവായ ചെക്ക് ഇൻ സംവിധാനത്തിലേക്കു കടക്കുന്നതിനാവും ശ്രദ്ധ കേന്ദ്രീകരിക്കുക. ഇന്ത്യയിലെ എല്ലാ അന്താരാഷ്ട്ര ടെർമിനലുകളിലും തുടർന്ന് വിദേശങ്ങളിലും ഇതു ഘട്ടം ഘട്ടമായി നടപ്പാക്കും.എയർഇന്ത്യഎക്സ്പ്രസ്ഡോട്ട്കോമിലെ ബുക്കിങ്ങുകളിൽ ഏതാണ്ട് പകുതിയോളം അന്താരാഷ്ട്ര വിപണികളിൽ നിന്നാണ് വന്നത്. ദുബായ് ആണ് ഏറ്റവും കൂടുതൽ ട്രാഫിക് നൽകിയത്. അബുദാബി, ദോഹ, ഷാർജ, സിംഗപ്പൂർ തുടങ്ങിയവയായിരുന്നു പിന്നാലെ. ബെംഗലൂരു, ഡെൽഹി, മുംബൈ തുടങ്ങിയ മെട്രോ വിപണികളിൽ നിന്ന് ആഭ്യന്തര നെറ്റ് വർക്കുകളിലും ട്രാഫിക് ഉണ്ടായി.എയർ ഇന്ത്യ എക്സ്പ്രസിൻറേയും എയർഏഷ്യ ഇന്ത്യയുടേയും സംയോജനത്തിൻറെ ആദ്യഘട്ടം റെക്കോർഡ് സമയത്തിനുള്ളിൽ മികച്ച രീതിയിൽ പൂർത്തിയാക്കിയെന്നും അലോക് സിങ് പറഞ്ഞു. ആധുനീക സാങ്കേതികവിദ്യയിലേക്കു തങ്ങൾ വിജയകരമായി കടന്നു കഴിഞ്ഞു. പുതിയ വെബ്സൈറ്റിനു തുടക്കത്തിലേ ലഭിച്ച പ്രതികരണം തങ്ങൾക്ക് ഏറെ ആവേശം പകരുന്നു. എയർഇന്ത്യ നെറ്റ് വർക്ക് കൂടുതൽ ശക്തമാക്കാനുള്ള തങ്ങളുടെ ലക്ഷ്യത്തിന് സംയോജിത ഉപഭോക്തൃ അനുഭവങ്ങൾ ഏറെ സഹായകമാണ്. സവിശേഷമായ കൂടുതൽ സൗകര്യങ്ങളും സംയോജിത സേവനങ്ങളും വഴി കൂടുതൽ ഉയർന്ന തലത്തിലുള്ള അനുഭവങ്ങൾ നൽകാനും ഉപഭോക്താക്കളുടെ മനസിലെ തങ്ങളുടെ സ്ഥാനം ഉയർത്താനുമാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എയർഏഷ്യ ഇന്ത്യയിലെ 19 കേന്ദ്രങ്ങളിലേക്കും എയർ ഇന്ത്യ എക്സ്പ്രസ് 20 ഇന്ത്യൻ പട്ടണങ്ങളിൽ നിന്ന് 14 അന്താരാഷ്ട്ര കേന്ദ്രങ്ങളിലേക്കുമാണ് ഇപ്പോൾ പറക്കുന്നത്.

# എസ്ബിഐ ലൈഫ് ഇൻഷൂറൻസും കരൂർ വൈശ്യ ബാങ്കും ധാരണയിൽ

SBI Life
Apne liye. Apno ke liye.

**കൊച്ചി:** സ്വകാര്യ ഇൻഷൂറൻസ് കമ്പനിയായ എസ്ബിഐ ലൈഫ് ഇൻഷൂറൻസ് കരൂർ വൈശ്യ ബാങ്കുമായി കോർപറേറ്റ് ഏജൻസി ധാരണ ആരംഭിച്ചു. എസ്ബിഐ ലൈഫിന്റെ സമഗ്ര ഇൻഷൂറൻസ് പദ്ധതികൾ ഉപഭോക്താക്കൾക്ക് ബാങ്കിന്റെ എല്ലാ ശാഖകളിലൂടേയും ലഭിക്കുവാൻ ഇതു സഹായിക്കും. കരൂർ വൈശ്യ ബാങ്ക് തേഡ് പാർട്ട് പ്രൊഡക്ട്സ് വിഭാഗം മേധാവി എം ആർ സന്തോഷ് കുമാർ, എസ്ബിഐ ലൈഫ് ഇൻഷൂറൻസ് ആന്ധ്രാപ്രദേശ് റീജണൽ ഡയറക്ടർ വി ഗണേഷ് എന്നിവർ ധാരണയിൽ ഒപ്പു വെച്ചു.

# മുത്തൂറ്റ് റെസിഡൻഷ്യൽ വോളിബോൾ അക്കാദമി: സെലക്ഷൻ ട്രയൽ ഏപ്രിൽ 11, 12 തീയതികളിൽ

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള മുത്തൂറ്റ് റെസിഡൻഷ്യൽ വോളിബോൾ അക്കാദമിയിൽ 202324 വിദ്യാഭ്യാസ വർഷത്തിലേക്ക് 8,9 ക്ലാസുകളിലേക്കുള്ള സെലക്ഷൻ ട്രയൽ ഈ മാസം 11, 12 തീയതികളിലായി നോർത്ത് പറവൂർ കോട്ടുവള്ളിക്കാട് എച്ച്എംവൈഎച്ച്എസിൽ നടക്കും. ആൺകുട്ടികൾക്കായാണ് സെലക്ഷൻ ട്രയൽ നടത്തുന്നത്. എട്ടാം ക്ലാസ് പ്രവേശനത്തിനുള്ള സെലക്ഷൻ ട്രയലിൽ പങ്കെടുക്കുന്നവർക്ക് 175 സെമി നീളവും ഓമ്പതാം ക്ലാസ് പ്രവേശനത്തിന് 180 സെമി നീളവും ഉണ്ടായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ സൗജന്യമായിരിക്കും. ഇതിന് പുറമേ സ്പോർട്സ് കിറ്റും നൽകും. വിവരങ്ങൾക്ക്, ബന്ധപ്പെടുക 9493016029, 9618530568

# പുതിയ ഡിജിറ്റൽ പേയ്മെന്റ് രീതിയുമായി മുത്തൂറ്റ് മിനി




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ എൻബിഎഫ്സികളില്ലൊന്നായ മഞ്ഞ മുത്തൂറ്റ് എന്നറിയപ്പെടുന്ന മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ബാങ്ക് ഓഫ് ബറോഡ ക്രെഡിറ്റ് കാർഡ്സ് വഴിയുള്ള ഏറ്റവും പുതിയ ഡിജിറ്റൽ പേയ്മെന്റ് രീതി അവതരിപ്പിച്ചു.മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് എംഡി മാത്യു മുത്തൂറ്റിന് ബാങ്ക് ഓഫ് ബറോഡ ജനറൽ മാനേജർ ശ്രീജിത്ത് കോർപ്പറേറ്റ് ക്രെഡിറ്റ് കാർഡ് കൈമാറി. ആൻ മേരി ജോർജ് (സിഎഫ്ഒ എംഎംഎഫ്എൽ), നിസി മാത്യു (ചെയർപേഴ്സൺ എംഎംഎഫ്എൽ), പി ഇ മത്തായി (സിഇഒ എംഎംഎഫ്എൽ), അനീഷ് കുമാർ കേശവൻ (റീജിയണൽ മാനേജർ ബിഒബി) , റെജി മാത്യു (എജിഎം ബിഒബി), ബിനു (ബിഒബി കോർപ്പറേറ്റ് ക്രെഡിറ്റ് കാർഡുകൾ) പങ്കെടുത്തു.

# ഐപിഎൽ: ആദ്യ വാരാന്ത്യത്തിൽ 147 കോടി കാഴ്ചക്കാരുമായി ജിയോ സിനിമ

**കൊച്ചി:** ഐപിഎൽ മത്സരങ്ങളുടെ ഡിജിറ്റൽ സ്ട്രീമിങ്ങിൽ റെക്കോർഡ് നേട്ടവുമായി ജിയോ സിനിമ. ഐപിഎൽ 2023 സീസണിന്റെ ഔദ്യോഗിക ഡിജിറ്റൽ സ്ട്രീമിങ് പാർടണറായ ജിയോ സിനിമ ആദ്യ വാരാന്ത്യത്തിൽ തന്നെ 147 കോടിയിലധികം കാഴ്ചക്കാരെ നേടി. കഴിഞ്ഞ സീസണിൽ മുഴുവൻ നേടിയതിനെക്കാൾ കൂടുതൽ കാഴ്ചക്കാരെയാണ് ഒരാഴ്ച കൊണ്ട് ജിയോ സിനിമ സ്വന്തമാക്കിയതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.2022ലെ ഐസിസി ട്വന്റി20 ലോകകപ്പ് സ്ട്രീമിങ്ങിനെക്കാൾ കൂടുതലാണിത്.ജിയോ സിനിമയുടെ ആരാധക കേന്ദ്രീകൃത അവതരണത്തിലൂടെ ഒരോ മത്സരത്തിലും ഒരു കാഴ്ചക്കാരൻ ചെലവഴിക്കുന്ന ശരാശരി സമയം 57 മിനിറ്റായി ഉയർന്നു. കഴിഞ്ഞ സീസണിലെ ആദ്യ വാരാന്ത്യവുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ മത്സരത്തിനും കാഴ്ചക്കാരൻ ചെലവഴിക്കുന്ന സമയം 60% വർധിച്ചതായി കാണാം. ഡിജിറ്റൽ സ്ട്രീമിങ്ങിൽ ഐപിഎല്ലിന്റെ ചരിത്രത്തിലെ എക്കാത്തെയും ഉയർന്ന ആദ്യ വാരാന്ത്യ കണക്കാണിത്.ഈ കണക്കുകൾ അസാധാരണവും രാജ്യത്തുടനീളം വ്യാപിക്കുന്ന ഡിജിറ്റൽ വിപ്ലവത്തിന്റെ തെളിവുമാണ്. ഡിജിറ്റൽ, ടാർഗെറ്റ് ചെയ്യാവുന്നതും അഭിസംബോധന ചെയ്യാവുന്നതും സംവേദനാത്മകവുമാണ്. പരമ്പരാഗത സേവനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഡിജിറ്റലിലെ കണക്കുകൾ, കളി കാണാൻ വരുന്ന ആളുകളുടെ കൃത്യമായ എണ്ണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്, ഒരു ചെറിയ സാമ്പിൾ സെറ്റിൽ നിന്നുള്ള കണക്കിൻറെ അടിസ്ഥാനത്തിലല്ല. ഉള്ളടക്ക ഉപഭോഗത്തിന്റെ രീതികൾ മാറ്റാനാകാത്തവിധം ഡിജിറ്റലിലേക്ക് നീങ്ങി, ഈ ആഴ്ച ജിയോസിനിമ പ്രകടനം അതിന്റെ ഏറ്റവും വലിയ തെളിവാണെന്ന് 'വയാകോം 18 സിഇഒ അനിൽ ജയരാജ് പറഞ്ഞു.ഹാർദിക് പാണ്ഡ്യയും ധോണിയും നേർക്കുനേർ പോരാടിയ ചെന്നൈ-ഗുജറാത്ത് ആദ്യ മത്സരം 1.6 കോടി കാഴ്ചക്കാരെന്ന നേട്ടമാണ് ജിയോ സിനിമയ്ക്ക് സമ്മാനിച്ചത്. കൂടാതെ 2.5 കോടിയിലധികം രജിസ്ട്രേഷനും ആപ്പിന് ലഭിച്ചു. ഒരു ദിവസം തന്നെ ഏറ്റവും കൂടുതൽ ഇൻസ്റ്റാൾ ചെയ്ത ആപ്പ് എന്ന റെക്കോർഡാണ് ഇതിലൂടെ ജിയോ സിനിമയ്ക്ക് ലഭിച്ചത്.




# അപ്സ്റ്റോക് ഇൻവെസ്റ്റ് റൈറ്റ് അവതരിപ്പിച്ചു

**കൊച്ചി:** നിക്ഷേപങ്ങൾക്കു തുടക്കം കുറിക്കുന്ന ഇന്ത്യക്കാരെ സഹായിക്കാനായി മുൻനിര ഡിജിറ്റൽ നിക്ഷേപ സ്ഥാപനമായ അപ്സ്റ്റോക് ഇൻവെസ്റ്റ് റൈറ്റ് കാമ്പെയിനു തുടക്കം കുറിച്ചു.ഇന്ത്യൻ പ്രീമിയർ ലീഗിന്റെ പുതിയ സീസണോടനുബന്ധിച്ചാവും കാമ്പെയിന്റെ തുടക്കം. ടാറ്റാ ഐപിഎല്ലിന്റെ ഔദ്യോഗിക പാർട്ട്ണറാണ് അപ്സ്റ്റോക്. സ്റ്റാർട്ട് കർകേ ദേഖോ എന്ന പേരിലുള്ള മുൻ ഐപിഎൽ കാമ്പെയിനു തുടർച്ചയായാണ് അപ്സ്റ്റോകിന്റെ പുതിയ കാമ്പെയിൻ. നിക്ഷേപം വൈവിധ്യവൽക്കരിക്കാനുള്ള വൻ അവസരങ്ങളാണ് മ്യൂചൽ ഫണ്ടുകൾ നൽകുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ അപ്സ്റ്റോക് സഹ സ്ഥാപക കവിത സുബ്രഹ്മണ്യൻ പറഞ്ഞു.

# റൂബിനു കരൾ പകുത്തു നൽകി അമ്മ; വൃക്കകളിലൊന്നും റൂബിന് ദാനം ചെയ്യും

**കൊച്ചി:** റൂബിൻ ഈ ഭൂമിയിൽ ജനിച്ചു വീണപ്പോൾ അവന്റെ മാതാപിതാക്കളായ രമേഷും വിജിലയും ഒരിക്കലും കരുതിയില്ല, പ്രൈമറി ഹൈപറോക്സലൂറിയ എന്ന മാരകമായ അപൂർവ ജനിതക രോഗവുമായാണ് അവൻ ജനിച്ചതെന്ന്. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഒരു പാവപ്പെട്ട കുടുംബത്തിലാണ് റൂബിൻ ജനിച്ചത്. ഇരുവൃക്കകളുടെയും പ്രവർത്തനം നിലച്ചും ജീവൻ നിലനിർത്താൻ അടിക്കടി ഡയാലിസിസ് ചെയ്യേണ്ടതുണ്ടെന്നും അറിഞ്ഞതോടെ കുടുംബം തകർന്നു. കരളും കിഡ്നിയും മാറ്റിവെക്കുക മാത്രമാണ് ജീവൻ രക്ഷിക്കാനുള്ള ഏക പോംവഴിയെന്ന് അവർ ഡോക്ടർമാരിൽ നിന്ന് മനസ്സിലാക്കി. തുടർന്ന് അവർ ഈ ശസ്ത്രക്രിയ നടത്തുന്ന മികച്ച ശസ്ത്രക്രിയാ വിദഗ്ധരെ അന്വേഷിച്ചു. തുടർന്ന് ലിസി ആശുപത്രിയിലെ ഡോ. വേണുഗോപാൽ നേതൃത്വം വഹിക്കുന്ന മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് ടീമിന്റെ അടുക്കലെത്തി. അമ്മ വിജില മാത്രമാണ് പതിനാലുകാരനായ റൂബിന് ചേരുന്ന അവയവദാതാവ് എന്ന് പരിശോധനകളിലൂടെ കണ്ടെത്തിയ ലിസി ആശുപത്രിയിലെ ഡോക്ടർമാർ ആദ്യം കരൾ മാറ്റിവയ്ക്കൽ നടത്താനും മൂന്ന് മാസത്തിന് ശേഷം വൃക്ക മാറ്റിവയ്ക്കാനും തീരുമാനിച്ചു.റൂബിന്റെ കുടുംബത്തെ സഹായിക്കാൻ നിരവധി സുമനസുകളും സന്നദ്ധ സംഘടനകളും രംഗത്തെത്തി. ലിസി ഹോസ്പിറ്റൽ മാനേജ്മെന്റ് കരൾ മാറ്റിവയ്ക്കലിനുള്ള കുറഞ്ഞ പാക്കേജും, കരൾ മാറ്റിവയ്ക്കൽ കഴിഞ്ഞ് വൃക്ക മാറ്റിവയ്ക്കൽ വരെ സൗജന്യ ഡയാലിസിസും വാഗ്ദാനം ചെയ്തു. കഴിഞ്ഞ മാസം അമ്മ തന്റെ കരളിന്റെ ഇടത് ഭാഗം തന്റെ പ്രിയപ്പെട്ട മകന് ദാനം ചെയ്തു. ഡോ. വേണുഗോപാലിനു പുറമെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ വിഭാഗത്തിലെ ഡോ. ഫദ്ൽ എച്ച് വീരാൻകുട്ടി, ഡോ.ഷാജി, ഡോ.പ്രമീൽ എന്നിവരും ട്രാൻസ്പ്ലാന്റ് അനസ്തീസ ടീമിലെ ഡോ.രാജീവ്, ഡോ.വിനീത്, ഡോ.വിഷ്ണു എന്നിവരും ശസ്ത്രക്രിയയിൽ പങ്കെടുത്തു. ഇതിനിടയിൽ ചലച്ചിത്ര താരം ഗ്രേസ് ആന്റണി റൂബിന്റെ കഥ അറിഞ്ഞപ്പോൾ റൂബിനെ സന്ദർശിക്കാൻ ആഗ്രഹിച്ചു. ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്ന ദിവസം അപ്രതീക്ഷിതമായി സിനിമാതാരത്തെ കണ്ടപ്പോൾ റൂബിൻ ആവേശഭരിതനായി. റൂബിന്റെ രോഗത്തെക്കുറിച്ചുള്ള വിശദമായ വിവരണം കരൾ ശസ്ത്രക്രിയാ വിഭാഗത്തിലെ ഡോ. ഫദ്ൽ ഗ്രേസ് ആന്റണിക്ക് നൽകി. പ്രൈമറി ഹൈപ്പറോക്സലൂറിയ ജനനസമയത്ത് കാണപ്പെടുന്ന



അപൂർവ പാരമ്പര്യ (ജനിതക) അവസ്ഥയാണ്. ഈ രോഗം ബാധിച്ച രോഗികളുടെ, കരൾ ഓക്സലേറ്റിന്റെ അമിത ഉൽപാദനത്തെ തടയുന്ന ഒരു പ്രത്യേക പ്രോട്ടീൻ (എൻസൈം) ആവശ്യത്തിന് സൃഷ്ടിക്കുന്നില്ല. രോഗത്തിന്റെ തുടക്കത്തിൽ, അധിക ഓക്സലേറ്റ് വൃക്കകളിലൂടെ മൂത്രത്തിൽ പുറന്തള്ളപ്പെടുന്നു. എന്നാൽ അധിക ഓക്സലേറ്റ് കാൽസ്യവുമായി സംയോജിപ്പിച്ച് വൃക്കയിലെ കല്ലുകളും പരലുകളും സൃഷ്ടിക്കുന്നു, ഇത് വൃക്കകളെ തകരാറിലാക്കുകയും അവയുടെ പ്രവർത്തനം നിർത്തുകയും ചെയ്യും. രോഗിയുടെ ശരീരത്തിന് അധിക ഓക്സലേറ്റിനെ ഇല്ലാതാക്കാൻ കഴിയില്ല എതിനാൽ അത് അടിഞ്ഞുകൂടാൻ തുടങ്ങുന്നു ആദ്യം രക്തത്തിൽ, തുടർന്ന് കണ്ണുകളിലും എല്ലുകളിലും ചർമ്മത്തിലും പേശികളിലും രക്തക്കുഴലുകളിലും ഹൃദയത്തിലും മറ്റ് അവയവങ്ങളിലും ഇത് നിരവധി പ്രശ്നങ്ങൾ ഉണ്ടാക്കാം. കരളിലാണ് അടിസ്ഥാന പ്രശ്നം എന്നതിനാൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കൊപ്പം കരൾ മാറ്റിവയ്ക്കൽ നടത്താതെ രോഗം ഒരിക്കലും ഭേദമാകില്ല എന്നും ഡോ. ഫദ്ൽ കൂട്ടിച്ചേർത്തു.രണ്ട് മാസത്തിന് ശേഷം തന്റെ ഒരു വൃക്കയും പ്രിയപ്പെട്ട മകന് ദാനം ചെയ്യാൻ റൂബിന്റെ അമ്മ ഇപ്പോൾ പൂർണ്ണ സജ്ജമാണ്. റൂബിനെപ്പോലുള്ള നിർധനരായ രോഗികൾക്കൊപ്പം സമയം ചെലവഴിക്കാൻ സന്മനസ്സ് കാട്ടിയ നടി ഗ്രേസ് ആന്റണിയോട് ലിസി ആശുപത്രി ഡയറക്ടർ റവ. ഫാദർ പോൾ കരേടൻ നന്ദി അറിയിച്ചു.

# എന്റെ കേരളം : ലക്കി ഡ്രോയിൽ വിജയിയായി അഖില ഉത്തമൻ

**കൊച്ചി:** കൊച്ചി മറൈ ഡ്രൈവിൽ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയിൽ ഭാഗ്യശാലിയായി കോതമംഗലം പൂയംകുട്ടി സ്വദേശിനി മാങ്കുട്ടത്തിൽ വീട്ടിൽ അഖില ഉത്തമൻ. സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള ലക്കി ഡ്രോയിലാണ് അഖിലയെ തേടി ഭാഗ്യമെത്തിയത്. സപ്ലൈകോ നൽകുന്ന ആയിരം രൂപയുടെ ഉത്പന്നങ്ങളാണ് സമ്മാനമായി ലഭിക്കുന്നത്.ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പവിലിയനിലാണ് ലക്കി ഡ്രോ സംഘടിപ്പിക്കുന്നത്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ചോദ്യത്തിന് ടച്ച് സ്ക്രീനിൽ ശരിയുത്തരം രേഖപ്പെടുത്തുന്ന ഭാഗ്യശാലിക്കാണ് സമ്മാനം ലഭിക്കുന്നത്.തിങ്കളാഴ്ച വൈകിട്ട് നടന്ന നറുക്കെടുപ്പിന് സപ്ലൈകോ മാർക്കറ്റിംഗ് മാനേജർ ഷെൽജി ജോർജ്, കൊച്ചി ഡിപ്പോ അസി. മാനേജർ മറീന ജോൺ, എറണാകുളം ജില്ലാ അസി. ഇൻഫർമേഷൻ ഓഫീസർ എം.എൻ സുനിൽകുമാർ, സീനിയർ ക്ലർക്ക് മജു മനോജ് തുടങ്ങിയവർ നേതൃത്വം നൽകി. എറണാകുളം ഗവ. നഴ്സിംഗ് സ്കൂളിലെ മൂന്നാം വർഷ നഴ്സിംഗ് വിദ്യാർത്ഥിനിയാണ് അഖില.

# സൗരോർജ്ജ ജലഗതാഗതം: രാജ്യാന്തര സ്റ്റാർട്ടപ്പ് അവാർഡ് നേടി നവാൾട്ട്

**കൊച്ചി:** രാജ്യത്ത് സോളാർ ഇലക്ട്രിക് ബോട്ടുകളുടെയും വെസലുകളുടെയും നിർമ്മാണത്തിൽ മുൻനിരക്കാരായ മറൈൻ ടെക് കമ്പനിയായ നാവൽട്ട് സോളാർ ആൻഡ് ഇലക്ട്രിക് ബോട്ട്സിന മികച്ച ആഗോള സ്റ്റാർട്ടപ്പ് അവാർഡ് ലഭിച്ചു.മൊബിലിറ്റി ആൻഡ് ട്രാൻസ്പോർട്ടേഷൻ വിഭാഗത്തിലാണ് ലോകത്തിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പിനുള്ള പുരസ്കാരം കമ്പനി കരസ്ഥമാക്കിയത്.ഹരിത ഊർജത്തിലും കാലാവസ്ഥാ വ്യതിയാനം തടയുന്നതിലും സ്വാധീനം ചെലുത്തുന്ന മികച്ച ആശയങ്ങളുള്ള സംരംഭകർക്കുള്ള ആഗോള മത്സരമാണ് സ്റ്റാർട്ട്അപ്പ് എനർജി ട്രാൻസിഷൻ അവാർഡുകൾ. വേൾഡ് എനർജി കൗൺസിൽ, ജർമ്മൻ ഊർജ മന്ത്രാലയം എന്നിവയുടെ പിന്തുണയോടെയാണ് ബെർലിൻ സ്റ്റാർട്ടപ്പ് എനർജി ട്രാൻസിഷൻ അവാർഡ് നൽകുന്നത്. സുസ്ഥിര ഊർജ്ജ മേഖലയിലെ ഏറ്റവും വലിയ അവാർഡാണിത്. ക്ലീൻ എനർജി ആൻഡ് സ്റ്റോറേജ്, മൊബിലിറ്റി ആൻഡ് ട്രാൻസ്പോർട്ടേഷൻ, വ്യവസായം, കെട്ടിടങ്ങൾ, നിർമാണം, ക്വാളിറ്റി എനർജി ആക്സസ്, എസ്ഡിജി7 പ്രൈസ് എന്നീ വിഭാഗങ്ങളിലാണ് ഈ വർഷത്തെ ബെർലിൻ എസ് ഇ ടി അവാർഡുകൾ നൽകിയത്.150ലധികം രാജ്യങ്ങളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളുടെ ഈ വർഷം അവാർഡിന് അപേക്ഷിച്ചു.ജർമനിയിലെ ഉന്നത സർക്കാർ പ്രതിനിധികൾ, കെനിയൻ പ്രസിഡന്റ്, വിവിധ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ, യൂറോപ്യൻ യൂണിയൻ അംഗങ്ങൾ എന്നിവർ ചട



ങ്ങിൽ പങ്കെടുത്തു.നവാൾട്ടിന്റെ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുത ബോട്ടുകളുടെയും കപ്പലുകളുടെയും വിസ്മയകരമായ സാങ്കേതിക വിദ്യയും ഡിസൈനും ഇപ്പോൾ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.സമുദ്രഗതാഗതത്തിൽ സുസ്ഥിരമായ ഭാവി ഇത് സൃഷ്ടിക്കുമെന്ന് നവാൾട്ട് സി.ഇ.ഒ സന്ദിത് തണ്ടാശേരി പറഞ്ഞു. ശുദ്ധവും ശാന്തവുമായ സമുദ്രമെന്ന ആശയം സഫലമാക്കുകയാണ് ലക്ഷ്യം. പരമ്പരാഗത ഇന്ധന ബോട്ടുകൾക്ക് പകരമായി വികസിപ്പിച്ച കുറഞ്ഞ ചിലവുള്ള പരിസ്ഥിതി സൗഹൃദ ബോട്ടുകൾ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാരും മത്സ്യത്തൊഴിലാളികൾക്കും വലിയ ലാഭമുണ്ടാകുമെന്ന് സന്ദിത് തണ്ടാശേരി പറഞ്ഞു.കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനി നേരത്തെ രണ്ട് തവണ ഗുസ്താവ് ട്രൂവ് അവാർഡുകൾ ഉൾപ്പെടെ നിരവധി അഭിമാനകരമായ അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്.